# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.5)1606/21-22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.5)1606/21-22 തീയ്യതി: 07/11/2022

## എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. പോളി ടി ഒ, ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. വൃന്ദ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ടിനു കെ ജെ, ഓഡിറ്റർ

.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി കെ ഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ സത്യനാരായണൻ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ രമേഷ് കെ എൻ | സെക്രട്ടറി | 08-04-2021 | 26-06-2021 |
| ശ്രീ സത്യനാരായണൻ പി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2021 | 04-07-2021 |
| ശ്രീ റെജിമോൻ പി പി | സെക്രട്ടറി | 05-07-2021 | 01-08-2021 |
| ശ്രീമതി സെറീന പി എ | സെക്രട്ടറി | 02-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സത്യനാരായണൻ പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ ഫിറോസ് മോൻ.എ.എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ ശ്രീലേഖ ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഷീജ കെ കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലളിതാദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ അജയ് ബാബു | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2021 | 31-03-2022 |
| ശ്രീമതി സൽമ കെ എ | ഹെഡ്മിസ്ട്രസ്, സൗത്ത് വാഴക്കുളം എൽ പി എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി സഫീറ എം എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി പ്രിനിത വി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീ രാകേഷ് കെ നായർ | വി ഇ ഒ,വാഴക്കുളം | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ്കുമാർ എ ജി | വി ഇ ഒ, മഞ്ഞപ്പെട്ടി | 01-04-2021 | 31-03-2022 |
| ഡോ ജെബി കെ | വെറ്ററിനറി സർജൻ | 01-04-2021 | 26-12-2021 |
| ഡോ ഡിസ് | വെറ്ററിനറി സർജൻ | 27-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-1 |
| 2 | ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: T.O.Polly (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 06-10-2022) | 1-2 |
| 4 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: T.O.Polly (Audit Officer, On 12-09-2022)<br>Last Updated By: Raj N.C (Computer Assistant, On 07-11-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: T.O.Polly (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: T.O.Polly (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.O.Polly (Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vrinda C S (Senior Grade Auditor, On 26-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: T.O.Polly (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 06-10-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: T.O.Polly (Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 06-10-2022) | 1-10 |
| 13 | വസ്തുനികുതി - അപാകതകൾ<br>Written By: TINU K.J. (Auditor, On 06-09-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11 |
| 14 | പഴയ കെട്ടിട നമ്പർ അടക്കമുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചു.<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 11-10-2022) | 1-11-1 |
| 15 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നു.<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-2 |
| 16 | 100 ച.മീ ന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചു<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-3 |
| 17 | UA നമ്പർ അനുവദിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ചേർത്തിട്ടില്ല.<br>Written By: TINU K.J. (Auditor, On 30-08-2022) | 1-11-4 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 10-10-2022) | |
| 18 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടും നികുതി അടവാക്കുന്നില്ല. കുടിശ്ശിക - 14,88,460/-<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-5 |
| 19 | നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും UA നമ്പർ നൽകപ്പെട്ടതുമായ കെട്ടിടങ്ങൾ വ്യവസായാവശ്യത്തിനായും മറ്റ് ആവശ്യത്തിനായും ഉപയോഗിക്കുന്നു.<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-6 |
| 20 | പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല. സഞ്ചയയിൽ ചേർത്ത പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല.<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-7 |
| 21 | അസംബ്ലി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: TINU K.J. (Auditor, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 11-10-2022) | 1-11-8 |
| 22 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു.<br>Written By: TINU K.J. (Auditor, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-9 |
| 23 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല - 2021 വരെ 1,05,802/-രൂപ<br>Written By: TINU K.J. (Auditor, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-11-10 |
| 24 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-12 |
| 25 | ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-13 |
| 26 | മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 11-10-2022) | 1-13-1 |
| 27 | പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന കടകൾ ലൈസൻസ് പുതുക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-13-2 |
| 28 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-13-3 |
| 29 | കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-14 |
| 30 | വാടക കെട്ടിടങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നില്ല – കരാർ പുതുക്കുന്നില്ല<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-15 |
| 31 | സാമൂഹ്യസുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ അക്കൌണ്ടിലേയ്ക്ക് ക്ഷേമപെൻഷൻ നൽകുന്നു - സർക്കാരിന് നഷ്ടം<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-11-2022) | 1-16 |
| 32 | പാലിയേറ്റീവ് പരിചരണപദ്ധതി-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-17 |
| 33 | സാന്ത്വന പരിചരണ പദ്ധതി - ഹോം കെയർ റിപ്പോർട്ടിലെ അപാകതകൾ.<br>Written By: Shaiby.E.D (Asst. Audit Officer, On 07-10-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-17-1 |
| 34 | തുടർ സാക്ഷരത പരിപാടി -ഗുഡ് ഇംഗ്ലീഷ് പ്രോജക്ടിന് തുക ചെലവഴിച്ചതിന്റെ | 1-18 |

| | | |
|---|---|---|
| | വിവരങ്ങൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | |
| 35 | മുൻകൂർ തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല.<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-19 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 1-20 |
| 37 | ജില്ലാ പഞ്ചായത്തിന് തുക നൽകി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-20-1 |
| 38 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-21 |
| 39 | വെറ്ററിനറി മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-22 |
| 40 | ആട് വിതരണം-പദ്ധതിയിലെ അപാകത<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-23 |
| 41 | അനുപൂരക പോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്.<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-24 |
| 42 | കറവപ്പശു വാങ്ങൽ - മാനദണ്ഡം പാലിക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-25 |
| 43 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ആവശ്യകത വ്യക്തമല്ല.<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-26 |
| 44 | ആസ്തി സംരക്ഷണം - മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-27 |
| 45 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല.<br>Written By: TINU K.J. (Auditor, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-28 |
| 46 | സംരക്ഷണ ഭിത്തിക്ക് അധികം കല്ല് ഉപയോഗിച്ചത് സംബന്ധിച്ച്<br>Written By: T.O.Polly (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-29 |
| 47 | മരാമത്ത് പ്രവൃത്തികൾ - ഒരേ പ്രവൃത്തി ആവർത്തിച്ച് ചെയ്തത്<br>Written By: T.O.Polly (Audit Officer, On 01-09-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 1-30 |
| | ഭാഗം **2** | |
| 1 | കെട്ടിട നിർമ്മാണം-ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല - 1554 രൂപ നഷ്ടം<br>Written By: Vrinda C S (Senior Grade Auditor, On 31-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 2-1 |
| | ഭാഗം **3** | |
| 1 | പാലിയേറ്റീവ് പരിചരണപദ്ധതി - അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 07-10-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 28-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 27-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-4 |
| 5 | വായ്പ-വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-8 |
| 9 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 30-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 23-08-2022)<br>Last Updated By: Raj N.C (Computer Assistant, On 10-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ ബജറ്റ് 19.02.2021ലെ 1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 17.03.2022ൽ 2ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം

| ബജറ്റ് | 2021-22 | 2021-22 (റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 30,28,787.30 | 30,28,787.30 |
| വരവ് | 23,37,36,710.00 | 31,98,49,865.00 |
| ആകെ | 23,67,65,497.30 | 32,28,78,652.30 |
| ചെലവ് | 23,08,55,500.00 | 31,45,61,230.00 |
| നീക്കിയിരിപ്പ് | 59,09,997.30 | 83,17,422.30 |

### 1-1-1 ബജറ്റും വാർഷിക കണക്കുകളും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു :-

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് (രസീത് & പേയ്മെന്റ് പ്രകാരമുള്ള വരവ്) | വ്യത്യാസം |
|---|---|---|---|
| വരവ് | 31,98,49,865 | 12,86,47,983 | 19,12,01,882 |
| ചെലവ് | 31,45,61,230 | 12,57,85,000 | 18,87,76,230 |

### 1-2 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 15.07.2022 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

സ്ഥിര നിക്ഷേപം ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല. സ്ഥിര നിക്ഷേപത്തിന്റെ മുൻബാക്കി 01.04.2012-ൽ അക്കൗണ്ട്സ് പ്രകാരം ആകെ തുക 27,63,248/- രൂപയായിരുന്നു. ഈ ഡെപ്പോസിറ്റിന്റെ വിശദാംശങ്ങൾ വ്യക്തമല്ല. ഈ മുൻബാക്കിയുടെ കൂടെ അതാത് വർഷങ്ങളിൽ ലഭിക്കുന്ന പലിശകൾ മാത്രം ഡെപ്പോസിറ്റായി വരവ് വെക്കുന്നു. ഈ വരവ് വെക്കുന്ന പലിശ ഡെപ്പോസിറ്റ് പുതുക്കുന്ന സമയത്ത് ലഭിക്കുന്ന പലിശയാണോ എന്ന വ്യക്തമല്ല. പലിശയിനത്തിൽ 01.04.2012 മുതൽ ലഭിച്ച തുകകൾ 31,64,813/- രൂപ ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം ആകെ സ്ഥിര നിക്ഷേപം 59,28,061/- രൂപയാണ്. എന്നാൽ കയ്യിലുള്ള സ്ഥിര നിക്ഷേപം 59,08,061/- രൂപയാണ്. അതായത് 20,000/- രൂപയുടെ വ്യത്യാസം കാണുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,92,42,847.87 |
| ഓഡിറ്റ് വർഷത്തെ വരവ് | 12,86,47,983.00 |
| ആകെ | 19,78,90,830.87 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,57,85,000.00 |
| നീക്കിയിരിപ്പ് | 7,21,05,830.87 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,554.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,281.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90,71,898.00 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,86,89,376 | 1,86,89,376 | 1,86,06,512 | 0 | 82,864 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 72,40,560 | 72,40,560 | 64,50,168 | 0 | 7,90,392 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1,61,550 | 1,61,550 | 1,07,350 | 0 | 54,200 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2,07,57,777 | 2,07,57,777 | 1,97,18,601 | 0 | 10,39,176 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 78,09,109 | 78,09,109 | 38,03,444 | 0 | 40,05,665 |
| ധനകാര്യ കമ്മീഷൻ അവാർഡ് (പെർഫോമൻസ് ഗ്രാന്റ് | | 51,44,792 | 51,44,792 | 42,04,115 | 0 | 9,40,677 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 40,50,000 | 40,50,000 | 19,33,435 | 21,16,565 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 60,75,000 | 60,75,000 | 22,25,800 | 38,49,200 | |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101 | 0.57 | 8,14,275 | 8,14,275.57 | 8,12,648 | 1,627.57 | - |
| ICDS- 320 100 121 | 16,64,345 | 16,84,744 | 33,49,089 | 28,88,318 | 4,60,771 | - |
| മറ്റുള്ളവ (വിമുക്തിഫണ്ട് ഉൾപ്പെടെ) 320300199 | 19,16,358 | 47,60,000 | 66,76,358 | 51,53,004 | 15,23,354 | - |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| 320 100 115 സാനിറ്റേഷൻ | 50,94,518 | 0 | 50,94,518 | 9,66,170 | 41,28,348 | - |
| 320 100 203 സാനിറ്റേഷൻ | 30 | | 30 | | 30 | - |
| 320200319 ഖരമാലിന്യ സംസ്കരണം | 15,000 | 0 | 15,000 | 0 | 15,000 | |
| 320400199 ലൈഫ് മിഷൻ – ലക്ഷം വീട് | 15,24,186 | 61,374 | 15,85,560 | 4,20,000 | 11,65,560 | - |
| 320 200 322 ശുചിത്വ മിഷൻ | 10,83,735 | 2,00,000 | 12,83,735 | 2,00,000 | 10,83,735 | - |

ജി.ഒ പ്രൊജക്ട് തുക-
1. വികസന ഫണ്ട് (ജനറൽ)- 31,27,426/-
2. എസ് സി പി- 1,72,857/-
3. ടി എസ് പി- 21,650/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 19,79,06,063 | 169 | 8,80,09,745 | 82 | 20 | 62.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0.57 | 8,14,275 | 8,14,275.57 | 8,12,648 | 1,627.57 |
| ഗുണഭോക്താക്കൾക്ക് നൽകിയത്(കൂലിച്ചെലവ്) | | 3,30,77,472 | 3,30,77,472 | 3,30,77,472 | |
| ആകെ | 0.57 | 3,38,91,747 | 3,38,91,747.57 | 3,38,90,120 | 1,627.57 |

ബാങ്ക് ചാർജിനത്തിൽ ചെലവ് വന്ന 2/- രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 1-6 ഷെഡ്യൂളിലെ തുക 3,38,90,118/- ആയാണ് ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 50,86,100 | 333 |
| വിധവാപെൻഷൻ | 2,49,45,900 | 1665 |
| വാർദ്ധക്യകാല പെൻഷൻ | 4,36,97,700 | 2978 |
| വികലാംഗ പെൻഷൻ | 80,93,300 | 526 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,38,400 | 31 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2022 ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,820/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ രജിസ്റ്റർ പ്രകാരം വിവിധ ചുമതലകൾ ജോലി വിഭജനം നടത്തി സെക്ഷനുകൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ILGMS നടപ്പാക്കുന്നതിന്റെ ഭാഗമായി ലോക്കൽ സെറ്റിംഗ്സ് നടത്തി ഓരോ ജീവനക്കാരന്റേയും മൈനർ ഫംഗ്ഷൻസ് നിർവ്വഹിക്കാനുള്ള ഉത്തരവും നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെ ചേർക്കുന്നു.

1. മരണ രജിസ്ട്രേഷൻ വിഭാഗവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗവും തമ്മിലുള്ള കോ-ഓർഡിനേഷന്റെ അഭാവം മൂലം മരണപ്പെടുന്നവരെ യഥാസമയം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യാൻ സാധിക്കാതെ വരുകയും പെൻഷൻ തുക ഇവരുടെ മരണശേഷവും ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ആയിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്.
2. നടപ്പാക്കിയിട്ടുള്ള പദ്ധതികളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് ചേർത്തിട്ടില്ലാത്തതിനാൽ പദ്ധതികളുടെ വിലയിരുത്തൽ കാര്യക്ഷമമായി നടത്തുന്നുണ്ടോയെന്ന് വ്യക്തമല്ല.
3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഇൻകംബെൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല.
4. ധാരാളം വ്യവസായ വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വലിയ രീതിയിൽ ശ്രദ്ധ കുറവുള്ളതായി കാണുന്നു. പഴയ കെട്ടിട നമ്പർ അടക്കമുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിക്കുന്നു. പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല. സഞ്ചയയിൽ ചേർത്ത പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല. വസ്തു നികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ കെട്ടിടനിർമ്മാണം നടത്തി വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള അന്വേഷണങ്ങളും പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. 100 ച.മീറ്ററിന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചിട്ടും യഥാർത്ഥ നികുതി നിർണ്ണയിക്കുന്നതിനോ അപാകതകൾ പരിഹരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയം, പിരിവ് സംബന്ധിച്ച് എല്ലാ അപാകതകളിലും വിശദമായ അന്വേഷണം നടത്തി പരിഹരിക്കേണ്ടതാണ്.
5. തൊഴിൽ നികുതി രജിസ്റ്റർ പൂർണ്ണമല്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഉദാ:- എം.ഇ.എസ്. കോളേജ്, മാറമ്പള്ളി – രണ്ടാം അർദ്ധവർഷം

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.04.2022 | 01.01.2022 മുതൽ 31.03.2022 വരെ | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2022 | 01.04.2016 മുതൽ 28.02.2022 വരെ | 06.05.2022 |

## 1-11 വസ്തുനികുതി - അപാകതകൾ

പഞ്ചായത്തിലെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. വാർഷിക ധനകാര്യപത്രിക B-15 ഷെഡ്യൂൾ പ്രകാരം 1,18,64,029/-രൂപ (കുടിശ്ശിക + തൻവർഷം) വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധാരാളം വ്യവസായ വാണിജ്യ കെട്ടിടങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വലിയ രീതിയിൽ ശ്രദ്ധ കുറവുള്ളതായി കാണുന്നു. പഴയ കെട്ടിട നമ്പർ അടക്കമുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിക്കുന്നു. പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല. സഞ്ചയയിൽ ചേർത്ത പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല. വസ്തു നികുതി നിർണ്ണയിച്ച തറ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ കെട്ടിടനിർമ്മാണം നടത്തി വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് യാതൊരു തരത്തിലുള്ള അന്വേഷണങ്ങളും പഞ്ചായത്ത് നടത്തിയതായി കാണുന്നില്ല. 100 ച.മീ ന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചിട്ടും യഥാർത്ഥ നികുതി നിർണ്ണയിക്കുന്നതിനോ അപാകതകൾ പരിഹരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ

ചേർക്കുന്നു.

1-11-1 പഴയ കെട്ടിട നമ്പർ അടക്കമുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിച്ചു.

ചില കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ARV അടിസ്ഥാനത്തിൽ കണക്കാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2013 Assessment ലെ പുതിയ കെട്ടിട നമ്പർ മാത്രമാണ് സഞ്ചയ Form-6 ലും Assessment Details ലും ചേർത്തത്. ARV അടിസ്ഥാനത്തിലുള്ള ഇവയുടെ പഴയ കെട്ടിട നമ്പർ ചേർത്തിട്ടില്ല. ആയതിനാൽ ഇവ 2013 ന് മുമ്പുള്ള കെട്ടിടമാണോ എന്ന് വ്യക്തമല്ല. ഇവ പഴയ കെട്ടിടങ്ങളല്ല എങ്കിൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. പെർമ്മിറ്റ് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഇവയ്ക്ക് ചട്ട പ്രകാരമാണോ കെട്ടിട നമ്പർ നൽകിയതെന്നും വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ARV അടിസ്ഥാനത്തിൽ നിശ്ചയിച്ച നികുതി

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | ARV അടിസ്ഥാനത്തിൽ നിശ്ചയിച്ച നികുതി | തറ വിസ്തീർണ്ണം അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി | കുറവ് | കെട്ടിടം തിരുത്തൽ വരുത്തിയ തീയതി | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 5/541/A | കബീർ മുച്ചേത് | ഇതര വ്യവസായങ്ങൾക്ക് ആവശ്യമായവ | 125 | 1012 | 7500-750 (മേൽക്കൂര 10% ഇളവ്)+ 1500 (വഴി സൌകര്യം 20 % വർദ്ധനവ്)= | 8250 | രേഖപ്പെടുത്തിയിട്ടില്ല. | 2017 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 15/407/A | സുബൈർ.എം.ബി | ഇതര വ്യവസായങ്ങൾക്ക് ആവശ്യമായവ | 50 | 852 | 3000-300 (മേഖല 10% ഇളവ്) - 300 (കാലപ്പഴക്കം 10% ഇളവ്) = 2400 | 1548 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 15/541/B | പി ഐ ജോർജ്ജ് പുത്തൻ കളപ്പുരക്കൽ, സൌത്ത് വാഴക്കുളം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 20 | 200 | 1000-100 (കാലപ്പഴക്കം 10% ഇളവ്) + 200 (വഴി സൌകര്യം 20 % വർദ്ധനവ്) = 1100 | 900 | രേഖപ്പെടുത്തിയിട്ടില്ല. | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 7/375/B | അബ്ദുൾ കരീം തച്ചിരുകുടി | ഇതര വ്യവസായങ്ങൾക്ക് ആവശ്യമായവ | 50 | 90 | 3000- (മേഖല 10% ഇളവ്) – 300 (കാലപ്പഴക്കം 10% ഇളവ്) – 300 (മേൽക്കൂര 10% ഇളവ്) = 2100 | 2010 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 7/399/A | | ഇതര വ്യവസായങ്ങൾക്ക് ആവശ്യമായവ | 20 | 228 | 1200 – 120 (മേഖല 10% ഇളവ്) – 120 (മേൽക്കൂര 10% ഇളവ്) = 960 | 732 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 2/68/B | ലീല ഐനാലിപ്പറമ്പ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 2/68/C | രമ കെ ആർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | 2/68/D | ഷബീർ മുല്ലപ്പിള്ളി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 2/68/E | ഷബീർ മുല്ലപ്പിള്ളി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 2/70/A | ഷിഹാബ് ആശാരി അകത്തൂട്ട് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 2/70/B | ഷിഹാബ് ആശാരി അകത്തൂട്ട് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 2/70/C | ഷിഹാബ് ആശാരി അകത്തൂട്ട് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120 (വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 2/70/D | ഷിഹാബ് ആശാരി അകത്തൂട്ട് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120(വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 14 | 2/71/A | റിയാസ് വട്ടത്തറ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120(വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 15 | 2/71/B | നിസ തേന്നൂരാൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 12 | 236 | 600 + 120(വഴി സൌകര്യം 20% വർദ്ധനവ്) = 720 | 484 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം അർദ്ധ വർഷം മുതൽ |
| 16 | 5/404/B | ബാബു മുച്ചേത്ത് | വാണിജ്യാവശ്യത്തിനുള്ളവ | 75 | 472 | 3750 – 375 (മേൽക്കൂര | 2153 | രേഖപ്പെടുത്തിയിട്ടില്ല. | 2018 ഒന്നാം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | | | 10% ഇളവ്) + 750 (വഴി സൌകര്യം 20% വർദ്ധനവ്) = 2625 | | | അർദ്ധ വർഷം മുതൽ |
| 171 | 15/159 | എൻ.വി സുബ്രഹ്മണ്യൻ, നെല്ലാട്, സൌത്ത് വാഴക്കുളം | പാർപ്പിടം | 80 | 60 | 400 ( ഇളവുകൾ, വർദ്ധനവുകൾ രേഖപ്പെടുത്തിയിട്ടില്ല) | 340 | 12-12-2017 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 18 | 15/292 | പ്രഭാകരൻ പിള്ള പരേത്കുടി | പാർപ്പിടം | 100 | 27 | 500 | 500 | 14-12-2017 | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 19 | 15/306 | സതി നാരായണൻ നായർ | പാർപ്പിടം | 95 | 189 | 475 | 475 | രേഖപ്പെട്ടത്തിയിട്ടില്ല. | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

പഴയ കെട്ടിട നമ്പർ ഉൾപ്പടെയുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും മേൽ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച ഫയലുകളും പെർമ്മിറ്റ് ഫയലുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ – 10/26.08.2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കെട്ടിങ്ങളുടെ പെർമ്മിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. സൈനബ അലിയാർ മൂക്കട എന്ന വ്യക്തിയുടെ 7/7/A, 7/7/B, 7/7/C, 7/7/D, 7/7/E, 7/7/F, 7/7/G എന്നീ കെട്ടിടങ്ങൾ പഴയ കെട്ടിടനമ്പർ ചേർക്കാതെ സഞ്ചയയിൽ ചേർത്ത് ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിച്ച് ഈടാക്കിയിരുന്നതും പഴയ നമ്പർ അടക്കമുള്ള വിവരങ്ങൾ സഞ്ചയയിൽ ചേർക്കാതെ കെട്ടിടത്തിന് അനധികൃതമായി നമ്പർ നൽകിയതാണെന്ന് 2019 ൽ കണ്ടെത്തിയതിനെ തുടർന്ന് സഞ്ചയയിൽ കെട്ടിടം Demolish ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. സമാനമായി പഴയ കെട്ടിട നമ്പർ ഉൾപ്പടെയുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിക്കപ്പെട്ട മേൽ കെട്ടിടങ്ങൾ സംബന്ധിച്ച് ഇവ പഴയ കെട്ടിടങ്ങൾ തന്നെയായിരുന്നോ എന്നും പെർമ്മിറ്റ് അനുവദിക്കപ്പെട്ട് പണിതതാണോയെന്നും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. പഴയ കെട്ടിട നമ്പർ ഉൾപ്പടെയുള്ള Base Data സഞ്ചയയിൽ ചേർക്കാതെ ARV അടിസ്ഥാനത്തിൽ കെട്ടിട നികുതി നിശ്ചയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളേയും സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്. വിഷയം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-11-2 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളിൽ വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നു.

എച്ച് എ തോമസ് ന്റെ ഉടമസ്ഥതയിലുള്ള 15-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സൌത്ത് വാഴക്കുളം കളർ ഇന്ത്യ പെയിന്റ് എന്ന വ്യവസായ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള അസസ്സ്മെന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക നമ്പർ - 1

| ക്രമ നമ്പർ | കെട്ടിട നമ്പർ | പഴയ കെട്ടിട നമ്പർ | പേര് | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം | അസ്സസ് ചെയ്ത വസ്തുനികുതി |
|---|---|---|---|---|---|---|
| 1 | 15/124 | 8/406/N | എച്ച് എ തോമസ് കളർ ഇന്ത്യ പെയിന്റ്, സൌത്ത് വാഴക്കുളം | 30 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 1440 (LC ഇല്ലാതെ) |
| 2 | 15/134 | 8/406/P | എച്ച് എ തോമസ് കളർ ഇന്ത്യ പെയിന്റ്, സൌത്ത് വാഴക്കുളം | 75 | നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | 0 |
| 3 | 15/135 | 8/406/N. | എച്ച് എ തോമസ് കളർ ഇന്ത്യ പെയിന്റ്, സൌത്ത് വാഴക്കുളം | 185.87 | നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | 0 |

ബന്ധപ്പെട്ട വസ്തുനികുതി സെക്ഷൻ ക്ലർക്ക്, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ മേൽ സ്ഥാപനത്തിൽ നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക – 2

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗം | തറ വിസ്തീർണ്ണം ( ച.മീ) |
|---|---|---|---|
| 1 | 15/134 | ഓഫീസ് കെട്ടിടം | 70.38 (13.8 X 5.1) |

| | | | |
|---|---|---|---|
| 2 | രേഖപ്പെടുത്തിയിട്ടില്ല | ഓഫീസ് കെട്ടിടം | ആകെ 3 നിലകൾ<br>ഒരു നില = 67.79 (7.25 X 9.35 )<br>ആകെ = 203.37 |
| 3 | രേഖപ്പെടുത്തിയിട്ടില്ല | പെയിന്റ് നിർമ്മാണം , സംഭരണം | 404.2 (20.21 X 20) |

15/134, 15/135 കെട്ടിടങ്ങളെ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഉപയോഗ ക്രമം നൽകി പൂജ്യമായി വസ്തു നികുതി നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. സ്ഥാപനത്തിൽ മേൽ പട്ടിക-2 ക്രമനമ്പർ 1,2,3 പ്രകാരം 70.38 ച.മീ, 203.37 ച.മീ എന്നീ തറവിസ്തീർണ്ണത്തിലുള്ള രണ്ട് ഓഫീസ് കെട്ടിടങ്ങളും (ഓഫീസ് ആവശ്യത്തിനുള്ളവ - വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ - നിരക്ക് 40/ച.മീ), 404.2 ച.മീ തറ വിസ്തീർണ്ണത്തിലുള്ള വ്യവസായ (ഇതര വ്യവസായങ്ങൾക്കാവശ്യമായവ - നിരക്ക് 60/ച.മീ) കെട്ടിടം ഉണ്ടായിട്ടും ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി 30 ച.മീ തറവിസ്തീർണ്ണത്തിന് മാത്രം വസ്തുനികുതി നിർണ്ണയിച്ചത് ചട്ടലംഘനമാണ്. കെട്ടിടങ്ങൾ പെർമ്മിറ്റ് അനുവദിക്കപ്പെട്ട് പണിതതാണോയെന്നും ഇവയുടെ പെർമിറ്റ് വിവരങ്ങൾ, വസ്തുനികുതി നിർണ്ണയ ഫയലുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. FTEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം സ്ഥാപനത്തിന്റെ വിവരങ്ങൾ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇത് പോലുള്ള മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

### 1-11-3 100 ച.മീ ന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചു

100 ച.മീ ന് മുകളിലുള്ള പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ Form-6, Assessment Details എന്നിവ പ്രകാരം പൂജ്യമായി നിർണ്ണയിച്ചിരിക്കുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | നിശ്ചയിച്ച വസ്തു നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 15/441 | വർക്കി മാത്യ വെലാമട്ടം | 111.52 | 0 | തിരുത്തൽ വരുത്തിയത് 1-4-2015. 1993 ലെ Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 2 | 15/439 | കുഞ്ഞിപ്പരീത്, ഐമിനക്കുട് | 120 | 0 | 1993 ലെ Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 3 | 15/438 | ഏലിയാസ് | 105 | 0 | 1993 ലെ Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 4 | 15/371 | ടി ജി പരമേശ്വരൻ, പനയിട, സൌത്ത് വാഴക്കുളം | 100 | 0 | - |
| 5 | 15/374 | രഹന മുഹമ്മദലി | 140 | 0 | 1993 ലെ Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 6 | 15/362 | ശ്രീ വത്സ , തോപ്പിൽ, വാഴക്കുളം | 100 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 7 | 15/359 | ശിവ ശങ്കരപ്പിള്ള | 160 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 8 | 15/353 | മനോഹരൻ ശ്രീ നിലയം | 150 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 9 | 15/241 | മുഹമ്മദ് ഉസ്മാൻ കാട്ടാമ്പള്ളി | 180 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 10 | 15/179 | പി ജി ഷാജി | 400 | 0 | - |
| 11 | 15/142 | അയ്യപ്പൻ പരോട്ട്കടി സൌത്ത് വാഴക്കുളം | 120 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 12 | 2/1/C | ടി.എച്ച് മുസ്തഫ | 116.48 | 0 | - |
| 13 | 2/10 | ടി.എ ഷിയാസ് | 165 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 14 | 2/58 | മുരളി തൈക്കുടി | 111.52 | 0 | - |
| 15 | 2/226 | ഷഹന ബീരാസ് | 150 | 0 | - |
| 16 | 2/268 | പരമേശ്വരൻ നമ്പൂതിരി | 153 | 0 | - |
| 17 | 2/286 | സുലൈഖ കുറ്റിക്കാട്ട് | 100 | 0 | - |
| 18 | 2/505 | റഷീദ് മാട്ടുണായി | 100 | 0 | - |
| 19 | 2/587 | ഖലീബുസ്മാൻ വെളിയത്ത് | 120 | 0 | - |
| 20 | 2/672 | ഗിരീഷ് കുമാർ, പ്ലാവട | 204.46 | 0 | - |
| 21 | 2/692 | അംബിക നന്ദകുമാർ | 148.69 | 0 | - |
| 22 | 2/752/C | ലിബീഷ് ചാലക്കടി | 130 | 0 | - |
| 23 | 1/827/A | ഷമീന പുളിയംകുന്നത്ത് | 100 | 0 | - |
| 24 | 1/571 | ഷിയാസ് ചുള്ളിക്കാട്, | 400 | 0 | 1993 Assessment ലെ |

| | | | | | |
|---|---|---|---|---|---|
| | | മാറമ്പള്ളി | | | കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 25 | 1/602 | സെയ്ദ്കുഞ്ഞു മുഹമ്മദ് | 100 | 0 | - |
| 26 | 1/655 | ബഷീർ,കടവിൽ, മാറമ്പിള്ളി | 200 | 0 | - |
| 27 | 1/675 | കുഞ്ഞ് മൂസ കടവിൽ | 200 | 0 | - |
| 28 | 1/709 | സുബൈർ, മരോട്ടിക്കപ്പറമ്പിൽ | 1200 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 29 | 1/714 | അബ്ദുൾ കരീം മരോട്ടിക്കപ്പറമ്പിൽ | 120 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 30 | 1/719 | മക്കാർ സെയ്ദ് മുഹമ്മദ് | 350 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 31 | 1/728 | കാദിർ സെയ്ദ് | 400 | 0 | - |
| 32 | 1/738 | മുഹമ്മദ് കക്കാട്ടിൽ മാറമ്പള്ളി | 500 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 33 | 1/748 | ഇബ്രാഹിം മീതിൻ | 250 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 34 | 1/750 | അസി | 112 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |
| 35 | 1/775 | അലിയാർ എല്ലവാരം | 600 | 0 | 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ല. |

ഇവയിൽ ചില കെട്ടിടങ്ങൾക്ക് 1993 Assessment ലെ കെട്ടിട നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ അവ 2013 ന് മുമ്പ് പണിത കെട്ടിടങ്ങളാണോ എന്ന് വ്യക്തമല്ല. ആകെയുള്ള 20 വാർഡുകളിലെ ചില കെട്ടിങ്ങളുടെ വിവരം മാത്രമാണ് മേൽ ചേർത്തത് സമാനമായി ധാരാളം പാർപ്പിട കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യമായി നിർണ്ണയിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ഇവയുടെ കെട്ടിടനികുതി നിർണ്ണയ ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (5/25-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല.വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11-4 UA നമ്പർ അനുവദിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ചേർത്തിട്ടില്ല.

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 151 നിയമാനുസൃതമല്ലാത്ത(Un Authorised) കെട്ടിടങ്ങൾ വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ സഞ്ചയയിൽ 41 കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്.

| വർഷം | UA കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം ചേർത്ത നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ എണ്ണം | UAകെട്ടിടങ്ങളുടെ രജിസ്റ്റർ പേജ് നമ്പർ | റിമാർക്സ് |
|---|---|---|---|
| 2005ന് മുമ്പ് | 54 | 2,3,4, 5,6,7,8 | 54 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2005-06 | 21 | 8,9,10,11,12 | 24 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2006-07 | 7 | 12,13 | 7 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2008-09 | 1 | 14 | 1 കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2011-12 | 4 | 14 | 4 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2012-13 | 2 | 15 | 2 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2013-14 | 4 | 15 | 4 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. |
| 2015-16 | 4 | 16 | 2 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. (4/534/A (UA), 4/200/A(UA) |
| 2016-17 | 1 | 16 | 1കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. (4/348/A(UA) |
| 2017-18 | 3 | 17 | 1കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല (14/608/A) |
| 2018-19 | 3 | 18 | 1കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല (17/747) |
| 2019-20 | 29 | 19, 20, 21, 22, 23, 24, 25, 26, 27 | 18 കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. (17/734UA, 17/735/UA, 17/736/UA, 17/737/UA, 17/738/UA, 17/741/UA, 17/742/UA, 17/743/UA, 17/744/UA, 17/746/UA, 17/747/UA, 17/748/UA, 17/749/UA, 17/750/UA, 17/751/UA, 17/752/UA, 17/754/UA, 17/755/UA) |
| 2020-21 | 12 | 28, 29 | - |
| 2021-22 | 6 | 29, 30 | 1 കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ചേർത്തിട്ടില്ല. (13/1/UA) |
| ആകെ | 151 | | |

കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും ചട്ടം 235 എഎ പ്രകാരം ഏതെങ്കിലും ആൾ നിയമാനുസൃതമല്ലാതെ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ആയി നൽകുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്. സഞ്ചയയിൽ ചേർക്കാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി അപ്രകാരം നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും UA കെട്ടിടങ്ങളുടെ മാന്വൽ രജിസ്റ്ററിൽ ചേർത്ത UA നമ്പർ അനുവദിക്കപ്പെട്ട നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ചേർക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17/28-8-2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. UA നമ്പർ അനുവദിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ചേർത്ത് ചട്ട പ്രകാരം നികുതി ചുമത്തി ഈടാക്കേണ്ടതാണ്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-11-5 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് UA നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചിട്ടും നികുതി അടവാക്കുന്നില്ല. കുടിശ്ശിക - 14,88,460/-

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് കേരള പഞ്ചായത്ത് രാജ് ചട്ടം 235 എഎ 1 പ്രകാരം നികുതി നിർണ്ണയിച്ചിട്ടും അടവാക്കുന്നില്ല. ഈ ഇനത്തിൽ വൻ വസ്തുനികുതി കുടിശ്ശിക നില നിൽക്കുന്നു. പാർപ്പിടമല്ലാത്ത ചില Un Authorised കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി (പ്രതി വർഷം) (എൽ സി ഉൾപ്പടെ) | ഡിമാന്റ് ചെയ്ത വർഷം | നാളിത് വരെ ഡിമാന്റ് ചെയ്ത വസ്തു നികുതി | നാളിത് വരെ അടവാക്കിയ വസ്തു നികുതി | കുടി ശ്ശിക |
|---|---|---|---|---|---|---|---|---|---|
| 1 | 7/1 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 16.63 | 3588 | 2016 ഒന്നാം അർദ്ധ വർഷം | 25116 | 0 | 25116 |
| 2 | 7/2 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 16.63 | 3588 | 2016 ഒന്നാം അർദ്ധ വർഷം | 25116 | 0 | 25116 |
| 3 | 7/3 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 17.84 | 3847 | 2016 ഒന്നാം അർദ്ധ വർഷം | 26929 | 0 | 26929 |
| 4 | 7/4 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 17.84 | 3847 | 2016 ഒന്നാം അർദ്ധ വർഷം | 26929 | 0 | 26929 |
| 5 | 7/5 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 17.84 | 3847 | 2016 ഒന്നാം അർദ്ധ വർഷം | 26929 | 0 | 26929 |
| 6 | 7/6 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 17.84 | 3847 | 2016 ഒന്നാം അർദ്ധ വർഷം | 26929 | 0 | 26929 |
| 7 | 7/7 UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 12 | 2587 | 2016 ഒന്നാം അർദ്ധ വർഷം | 18109 | 0 | 18109 |
| 8 | 9/1 UA | അബ്ദുൾ കരീം മൂക്കട പെരുമ്പാവൂർ | ഇതര വ്യവസായങ്ങൾ ക്കാവശ്യമായവ | 365.27 | 75941 | 2017 ഒന്നാം അർദ്ധ വർഷം | 455646 | 0 | 455646 |
| 9 | 9/2 | അബ്ദുൾ കരീം | ഇതര വ്യവസായങ്ങൾ | 430.07 | 89413 | 2017 ഒന്നാം | 536478 | 0 | 536478 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | UA | മൂക്കട പെരുമ്പാവൂർ | ക്കാവശ്യമായവ | | | അർദ്ധ വർഷം | | | |
| 10 | 8/1 UA | മുഹമ്മദാലി ഷിയാസ്, ചെന്താര, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 156.25 | 32486 | 2018 ഒന്നാം അർദ്ധ വർഷം | 162430 | 0 | 162430 |
| 11 | 10/1 UA | റൌഫ്, കാർജ കോട്ടേജ്, കണ്ടോത്ത്, മുടിക്കൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൌൺ | 92.45 | 65540 | 2018 ഒന്നാം അർദ്ധ വർഷം | 65540 | 0 | 65540 |
| 12 | 1/1 UA | ആബിദ, ഷെമീദ, കക്കാടംപള്ളിൽ , മാനാത്ത്, കുറ്റിക്കാട്ട്, മുടിക്കൽ | ഇതര വ്യവസായങ്ങൾ ക്കാവശ്യമായവ | 222.04 | 46164 | 2020 രണ്ടാം അർദ്ധ വർഷം | 115409 | 23100 | 92309 |
| | | | ആകെ | | | | | | 14,88,460/- |

ഇവയിൽ നിന്നും നികുതി ഈടാക്കാത്തതിനും തുടർനടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17/28-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11-6 നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും UA നമ്പർ നൽകപ്പെട്ടതുമായ കെട്ടിടങ്ങൾ വ്യവസായാവശ്യത്തിനായും മറ്റ് ആവശ്യത്തിനായും ഉപയോഗിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും ചട്ടം 235 എഎ5 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും UA നമ്പർ നൽകപ്പെട്ടതും കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. താഴെ ചേർത്ത UA നമ്പർ അനുവദിക്കപ്പെട്ട കെട്ടിടങ്ങൾ വ്യവസായ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതായി ബന്ധപ്പെട്ട വസ്തുനികുതി സെക്ഷൻ ക്ലർക്ക്, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ 27.08.2022ൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | സ്ഥല പരിശോധനയിൽ കണ്ടെത്തിയ ഉപയോഗ ക്രമം |
|---|---|---|---|
| 1 | 7/1/UA, 7/2/UA, 7/3/UA, 7/4/UA, 7/5/UA, 7/6/UA, 7/7UA | സൈനബ അലിയാർ, മൂക്കട, മുടിക്കൽ | ട്യൂഷൻ സെന്റർ സ്ഥാപനം പ്രവർത്തിക്കുന്നു |
| 2 | 9/1/UA, 9/2/UA | അബ്ദുൾ കരീം മൂക്കട പെരുമ്പാവൂർ | പ്ലൈവുഡ് കമ്പനി പ്രവർത്തിക്കുന്നു. |
| 3 | 8/1/UA | മുഹമ്മദാലി ഷിയാസ്, ചെന്താര, മുടിക്കൽ | എഞ്ചിനിയറിംഗ് വർക്ക്സ് - വെൽഡിംഗ് കമ്പനി പ്രവർത്തിക്കുന്നു. |

ഇവ നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടും, UA അടിസ്ഥാനത്തിലുള്ള വർദ്ധിച്ച നികുതി നിശ്ചയിച്ച് UA നമ്പർ നൽകി വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടും നികുതി അടവാക്കാത്തവയാണെങ്കിലും വ്യവസായ ആവശ്യങ്ങൾക്കായും മറ്റ് ആവശ്യങ്ങൾക്കായും കെട്ടിടം ഉപയോഗിക്കുന്നു. ഇവക്കെതിരെ നടപടി സ്വീകരിക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17/28-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11-7 പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല. സഞ്ചയയിൽ ചേർത്ത പഴയ കെട്ടിടങ്ങളുടെ വിവരങ്ങൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല.

പഴയ മാനുവൽ അസസ്സ്മെന്റ് രജിസ്റ്റർ - സഞ്ചയ പുതിയ അസസ്സ്മെന്റ് രജിസ്റ്റർ വിവരങ്ങൾ പൂർണ്ണമല്ല.

A) പഞ്ചായത്തിലെ പഴയ മാനുവൽ അസസ്സ്മെന്റ് രജിസ്റ്ററിലുള്ള (1993 ASSESSMENT) എല്ലാ കെട്ടിടങ്ങളുടേയും വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) 4/162
2) 4/169
3) 4/170
4) 4/171
5) 4/172
6) 4/199

7) 4/321

8) 4/356

9) 4/413

10) 4/445

11) 4/478

12) 3/300

13) 3/321

B) സഞ്ചയയിൽ ചേർത്ത പഴയ കെട്ടിട നമ്പറുകൾ പഴയ മാനവൽ അസസ്സ്മെന്റ് രജിസ്റ്ററിൽ കാണുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

4/312/D

അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(16/28-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. പഞ്ചായത്തിലെ പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വിവരങ്ങൾ സഞ്ചയയിൽ ചേർക്കേണ്ടതാണ്. പഴയ അസസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ലാത്ത കെട്ടിട നമ്പറുകൾ സഞ്ചയയിൽ ചേർത്തത് സംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11-8 അസംബ്ലി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത

ബാബു മുച്ചേത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/405/B, 5/405/C കെട്ടിടങ്ങളുടെ പഴയ കെട്ടിട നമ്പറായി 4/193/B, 4/193/C എന്നീ നമ്പറുകൾ ചേർത്ത് ARV അടിസ്ഥാനത്തിൽ കെട്ടിടനികുതി നിർണ്ണയിച്ചിട്ടുണ്ട്. 1993 മുതലുള്ള പഴയ മാനവൽ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 4/193 B , 4/193C എന്നീ കെട്ടിടങ്ങൾ യു എ ഷദാബ് , ഉപ്പുട്ടിൽ വീട് മുടിക്കൽ പി ഓ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ്. 2013 അസ്സസ്സ്മെന്റ് സഞ്ചയ ഫോം 6 ൽ ഇത് ഇയാളുടെ യഥാക്രമം 5/382, 5/454 നമ്പർ കെട്ടിടങ്ങളുടെ പഴയ കെട്ടിട നമ്പർ ആയി ചേർത്ത് ARV അടിസ്ഥാനത്തിൽ കെട്ടിടനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 4/193/B. , 4/193/C. നമ്പർ കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കിയ പഴയ മാനവൽ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ല. ഈ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള അസസ്സ്മെന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സഞ്ചയയിൽ ചേർത്ത 2013 അസസ്സ്മെന്റിലെ കെട്ടിട നമ്പർ | സഞ്ചയയിൽ ചേർത്ത 1993 അസസ്സ്മെന്റിലെ കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | നികുതി പ്രാബല്യത്തിൽ വന്ന തീയതി | ARV പ്രകാരം നിശ്ചയിച്ച വസ്തു നികുതി | ആദ്യമായി വസ്തു നികുതി അടച്ച തീയതി |
|---|---|---|---|---|---|---|---|---|
| 2 | 5/405/B | 4/193/B | ബാബു മുച്ചേത്ത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 180 | 2016 ഒന്നാം അർദ്ധ വർഷം | 952 | 5-12-2017 |
| 3 | 5/405/C | 4/193/C | ബാബു മുച്ചേത്ത് | ഇതര വ്യവസായങ്ങൾക്കാവശ്യമായവ | 195 | 2016 ഒന്നാം അർദ്ധ വർഷം | 952 | 13-12-2017 |

ബന്ധപ്പെട്ട വസ്തുനികുതി സെക്ഷൻ ക്ലർക്ക്, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ 27.08.2022ൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ കെട്ടിടങ്ങൾ ബാബു മുച്ചേത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 5/405/A യിൽ പ്രവർത്തിക്കുന്ന റീം കൺവെൻഷൻ സെന്റർ ഓഡിറ്റോറിയത്തിന്റെ അനുബന്ധ കെട്ടിടങ്ങളാണെന്ന് ബോധ്യപ്പെട്ടു (ഉപയോഗ ക്രമം = അസംബ്ലി കെട്ടിടം). 2014 രണ്ടാം അർദ്ധ വർഷം മുതൽ നികുതി പ്രാബല്യത്തിൽ വന്ന 5/405/A നമ്പർ കെട്ടിടത്തിന്റെ അസസ്സ്മെന്റ് , തറവിസ്തീർണ്ണം അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. എന്നാൽ ഈ കെട്ടിടത്തിന്റെ അനുബന്ധ കെട്ടിടങ്ങളായ (2016 ഒന്നാം അർദ്ധ വർഷം മുതൽ മാത്രം വസ്തുനികുതി ഡിമാന്റ് ചെയ്തു തുടങ്ങിയ) 5/405/B, 5/405 C കെട്ടിടങ്ങളുടെ വസ്തു നികുതി ARV അടിസ്ഥാനത്തിലുള്ളതും ഈ മൂന്ന് കെട്ടിടങ്ങളുടെ പഴയ അസസ്സ്മെന്റ് ആയി ചേർത്ത കെട്ടിട നമ്പറുകൾ പഴയ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കാണാത്തതുമാണ്. കെട്ടിടങ്ങളുടെ പെർമിറ്റ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും പഴയ അസസ്സ്മെന്റ് രജിസ്റ്ററിൽ ഇല്ലാത്ത കെട്ടിടനമ്പർ നൽകി ARV അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചതിനും പഴയ കെട്ടിടങ്ങളായിരുന്നെങ്കിൽ 2016 ന് മുമ്പ് വസ്തുനികുതി ഡിമാന്റ് ചെയ്യാഞ്ഞതിനും സഞ്ചയയിൽ ചേർത്ത ഉപയോഗ ക്രമം വ്യത്യസ്തമായതിനും വിശദീകരണം നൽകേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.19/29.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഈ കെട്ടിടങ്ങൾ 2013ന് ശേഷം പണിതതാണോ എന്നും പെർമിറ്റ് അനുവദിക്കപ്പെട്ടതാണോ എന്നും അന്വേഷണം നടത്തി വിവരം നൽകേണ്ടതാണ്.

## 1-11-9 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

താഴെ ചേർത്ത കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ Form-6 , Assessment Details എന്നിവ പ്രകാരം 172.51 ച.മീ ആണ് . എന്നാൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഈ കെട്ടിടത്തിന് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60/- രൂപ/ച.മീറ്ററുമാണ് വസ്തുനികുതി

നിരക്കായി വാഴക്കുളം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | നികുതി പ്രാബല്യത്തിൽ വന്ന വർഷം | കുറവ്(LC ഉൾപ്പെടാതെ) | 2021 രണ്ടാം അർദ്ധ വർഷം വരെ കുറവ് (LC ഉൾപ്പെടാതെ) |
|---|---|---|---|---|---|---|---|---|
| 1 | 4/299/B | ബാബു തറമ്മേൽ | 172.51 | 8625.5 + 1725.1(വഴി സൌകര്യം 20% വർദ്ധനവ്) - 517.53(ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ) = 9834 | 10350.6 +2070.12 (വഴി സൌകര്യം 20% വർദ്ധനവ്) - 621.036 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് 5% ) = 11800 | 2015 ഒന്നാം അർദ്ധവർഷം മുതൽ | 1966/- | 13762/- |

അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.2/23-8-2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-11-10 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല - 2021 വരെ 1,05,802/-രൂപ

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2021 രണ്ടാം അർദ്ധവർഷം വരെ 1,05,802/- രൂപ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | വസ്തുനികുതി (എൽ.സി ഉൾപ്പടെ) | കുടിശ്ശിക കാലയളവ് | 2021 രണ്ടാം അർദ്ധ വർഷം വരെ കുടിശ്ശിക (എൽ.സി ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | 2/685 | റിലയൻസ് ടെലകോം ഇൻഫ്രാസ്ടക്ച്ചർ, മൊബൈൽ ടവർ മാറമ്പള്ളി | 16538/- | 2020 ഒന്നാം അർദ്ധ വർഷം മുതൽ 2021 രണ്ടാം അർദ്ധ വർഷം വരെ | 34051/- |
| 2 | 5/833/A | റിലയൻസ് ടെലകോം ഇൻഫ്രാസ്ടക്ച്ചർ, A&P Arcade, എസ്.എ റോഡ്, കൊച്ചിൻ | 9488/- | 2019 ഒന്നാം അർദ്ധ വർഷം മുതൽ 2021 രണ്ടാം അർദ്ധ വർഷം വരെ | 27926/- |
| 3 | 9/45/C | റിലയൻസ് ജിയോ ഇൻഫോ കോം, ചന്ദ്രിക ചേംബേഴ്സ് , വൈറ്റില | 7296/- | 2021 ഒന്നാം അർദ്ധ വർഷവും, രണ്ടാം അർദ്ധ വർഷവും | 7296/- |
| 4 | 9/99/A | WITIL&CO Chambers, മണിമല റോഡ്, കൊച്ചി | 11340/- | 2019 രണ്ടാം അർദ്ധ വർഷം മുതൽ 2021 രണ്ടാം അർദ്ധ വർഷം വരെ | 26989/- |
| 5 | 20/145/A | ഡിഷ്നട്ട് വയർലസ് ലിമിറ്റഡ്, ആർ ആർ ആർക്കേഡ് | 10080/- | 2021 ഒന്നാം അർദ്ധ വർഷവും, രണ്ടാം അർദ്ധ വർഷവും | 9540/- |
| ആകെ | | | | | 105802/- |

ഇവയിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തിനും തുടർനടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം. 1/23-8-2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി സ്ഥാപന തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(25/29-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. ഇവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പറും ക്രമ നമ്പറും | അർദ്ധ വർഷം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബാങ്ക് ഓഫ് ഇന്ത്യ | 21, 11 | I |
| 2 | സൌത്ത് ഇന്ത്യൻ ബാങ്ക് വാഴക്കുളം | 30, 24 | I |
| 3 | എസ് ബി ഐ | 32, 30 | I, II |
| 4 | കാത്തലിക് സിറിയൻ ബാങ്ക് | 37, 53 | I, II |
| 5 | മണപ്പുറം ഫിനാൻസ് എൽ ടി ഡി വാഴക്കുളം | 41, 54 | II |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് എൽ.ടി.ഡി | 53, 83. | I, II |

2) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 1/2021-22 | 20/687 | അമ്മു ഹോമിയോ ക്ലിനിക്ക് | ഡോക്ടർമാർ = 1 |
| 2 | 2/2021-22 | 19/182 | ഡോ.ഹെന്റീസ് ഡെന്റൽ ക്ലിനിക്ക് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 3/2021-22 | 1/122/E | മെഡിപ്ലസ് ഡയഗ്നോസ്റ്റിക്ക് ലബോറട്ടറി | ടെക്നീഷ്യൻ = 1 |
| 4 | 4/2021-22 | 7/457 | ഒയാസിസ് പോളി ക്ലിനിക്ക് | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 5 |
| 5 | 5/2021-22 | 13/436/A | ആയുർജനി ആയുർവേദ ക്ലിനിക്ക് | ഡോക്ടർ = 1 |
| 6 | 7/2021-22 | 7/287 | തണൽ പെയിൻ & പാലിയേറ്റീവ് ക്ലിനിക്ക് | ഡോക്ടർ = 1<br>നഴ്സ് = 1<br>സ്വീപ്പർ = 1 |
| 7 | 9/2021-22 | 5/710 | ഹൃദ ഡയഗ്നോസ്റ്റിക്ക് സെന്റർ , മുടിക്കൽ പി ഓ | രേഖപ്പെടുത്തിയിട്ടില്ല |

3) F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | ബിസ്മി മെറ്റൽസ് , മെറ്റൽ ക്രഷർ യൂണിറ്റ്, ചെമ്പറക്കി | 7 | 16/69 |
| 2 | ടെക്മിൻ കൺസൾട്ടൻസി മാറമ്പള്ളി | 20 | 1/676/D |
| 3 | ഇൻഡസ് മോട്ടോർ കമ്പനി കാർ ഷോ റൂം , മാറമ്പള്ളി | 24 | 9/430 E,F,G,H |
| 4 | സ്റ്റാർ വുഡ് ഇൻഡസ്ട്രീസ് , മുടിക്കൽ | 33 | 5/783/A |
| 5 | ജലാൽ സോ മിൽ മുടിക്കൽ | 34 | 8/332,334 |
| 6 | തെക്കിനേത്ത് ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ യൂണിറ്റ്, ചെറുവേലിക്കുന്ന് | 38 | 4/751, 753B |
| 7 | ചീരക്കാട്ടിൽ പ്ലൈവുഡ്സ് മുടിക്കൽ | 63 | 6/585 |
| 8 | TMB ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ യൂണിറ്റ് | 77 | 6/536 |
| 9 | ചന്ദ്രിക പ്ലൈവുഡ്സ് | 79 | 5/645, 697 |
| 10 | AKP ഗ്രാനൈറ്റ്സ് മെറ്റൽ ക്രർ യൂണിറ്റ് | 83 | 14/546 |
| 11 | പാർക്ക് ഹീറോ ടൂവ്ലർ ഷോ റൂം | 89 | 9/326 |
| 12 | സജറ സാന്റ് പ്രോഡക്ട്സ്, സൌത്ത് വാഴക്കുളം | 115 | 17/561 |
| 13 | ഈഡൻ പ്ലൈവുഡ്സ് സൌത്ത് വാഴക്കുളം | 133 | 17/105 |
| 14 | നിസ്സാര മെറ്റൽസ് മെറ്റൽ ക്രഷർ യൂണിറ്റ് | 150 | 17/329 |
| 15 | ദിയ മോട്ടോർസ്, TVS Scooter Sales & Service മഞ്ഞപ്പെട്ടി | 162 | 4/368/D,E |
| 16 | ബിസ്മില്ല ഗ്രാനൈറ്റ്സ്, മെറ്റൽ ക്രഷർ യൂണിറ്റ് , സൌത്ത് വാഴക്കുളം | 165 | 14/274 |
| 17 | ബറോഡ ക്രഷർ വെയേഴ്സ് | 179 | 5/707 |
| 18 | ഗുജറോത്ത് കോപറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ | 230 | 4/334/A |
| 19 | Hotel Elegance V-dai INN വാഴക്കുളം | 295 | 20/830 /A,B,C,D |
| 20 | ജെമിനി ഇൻഡസ്ട്രീസ് മുടിക്കൽ | 309 | 6/556 |
| 21 | ഇടയനാൽ ഗ്രാനൈറ്റ്സ്, സൌത്ത് വാഴക്കുളം | 313 | 17/101 |

| | | | |
|---|---|---|---|
| 22 | ഇറ്റാലിയ ഇൻഡസ്ട്രീസ്, സൌത്ത് വാഴക്കുഴം | 315 | 17/405 |
| 23 | ഫെനിക്സ് വാട്ടർ സൊല്യൂഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 341 | 5/644 |
| 24 | വഞ്ചിനാട് പ്ലൈവുഡ് ഇൻഡസ്ട്രീസ് , മുടിക്കൽ | 351 | 5/692 |
| 25 | ഏഷ്യൻ ബോർഡ്സ് വിനീർസ് , മുടിക്കൽ | 352 | 5/691 |
| 26 | ആര്യഭംഗി മോട്ടോഴ്സ് , Honda Two Wheelers Sale & Service | 416 | 1/193,194 |
| 27 | അനശ്വ റബിൾ സാന്റ്സ് & മെറ്റൽ ക്രഷർ | 417 | 17/233 |
| 28 | നവോദയ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ | 427 | 17/152 |
| 29 | സൽക്കാർ ഗ്രാനൈറ്റ്സ്, മാറമ്പള്ളി | 437 | 17/232/A |
| 30 | ഹിന്റാനിയ പ്ലാസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, സൌത്ത് വാഴക്കുളം | 448 | 20/617/A |
| 31 | M - Three Associates Tax Cunsultant Office , മുടിക്കൽ | 645 | 9/326/h |

4) 2021-2022 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല
5) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,

സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(25/29-8-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ ചേർത്ത തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

1999ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1-13-1 മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ അപാകതകൾ

11.08.2021 ലെ 401/2021-2022/B1/3563/2021-ാം നമ്പർ ലൈസൻസ് പ്രകാരം 14-ാം വാർഡിൽ (14/193A) പുതതായി പ്രവർത്തനം തുടങ്ങുന്ന M/s.നീലായത്ത് മിനറൽസ് &ബീവറേജസ് , കല്ലേലിമൂല, സൌത്ത് വാഴക്കുളം.പി.ഒ എന്ന പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ യൂണിറ്റിന് പഞ്ചായത്തിൽ നിന്നും പ്രവർത്തനാനുമതി നൽകിയതായി കാണുന്നു. (11.08.2021 മുതൽ 31.03.2022 വരെ ) ശ്രീ.അബ്ദുൾ ജലാൽ.സി.എ., ചിറയിക്കാട്ട് വീട്, കല്ലേലിമൂല എന്ന വ്യക്തിയുടെ പേരിലാണ് 20 HP കുതിരശക്തിയുള്ള യന്ത്ര ഉപയോഗത്തിനും കൂടിയുള്ള ലൈസൻസ് നൽകിയിട്ടുള്ളത്. (ലൈസൻസ് ഫീ-1000 രൂപ + 200 രൂപ Machine Installation Fee, രസീത് നം.121010101702/11.08.2021) .

പഞ്ചായത്ത് ഡയറക്ടറുടെ 19.12.2014 ലെ സി 4 – 33671/14 നമ്പർ സർക്കുലർ പ്രകാരം കേരള നിയമസഭാ പരിസ്ഥിതി സമിതിയുടെ (2000-2001) 18-ാമത് റിപ്പോർട്ടിലെ ശുപാർശകൾക്കനുസരിച്ച് ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് . 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3-ാം ചട്ടത്തിന് അനുബന്ധമായുള്ള ഒന്നാം പട്ടികയിലെ 154 -ാമത് ഇനമായി "ജലം – സംഭരണവും വിൽപ്പനയും “ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിൽപ്പനയിൽ ആരോഗ്യ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതി പത്രം ആവശ്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നമ്പർ G20ERNA-CTE-423960 പ്രകാരം 27.89 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള ടി കമ്പനിയുടെ പ്രവർത്തനത്തിനായി ഭൂഗർഭ ജല വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമുള്ളതായി പറയുന്നു . എന്നാൽ അത്തരത്തിൽ ഒരു സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ലഭ്യമല്ല. പകരം 12.05.2020 ലെ കേരള വാട്ടർ അതോറിറ്റി , ആലുവയിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുമതിപത്രവും Mineral Engineering Services, ബാംഗ്ലൂരിലെ Environmental Laboratory നിന്ന് ടി കമ്പനി ശേഖരിച്ച് നൽകിയ വെള്ളം ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ടും മാത്രമാണ് ലഭ്യമാക്കിയത്. ആരോഗ്യ വകുപ്പിൽ നിന്നുള്ള അനുമതി പത്രം ലഭ്യമാക്കിയിട്ടില്ല. ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സത്യവാങ്മൂലത്തിൽ അപേക്ഷകൻ ഒപ്പു വെക്കുകയോ തിരിച്ചറിയൽ കാർഡ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പുതതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനം എന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തിയ അന്വേഷണോദ്യോഗസ്ഥൻ സ്ഥലത്ത് പോയി പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ടി സ്ഥാപനം Packaged Drinking Water Supply ആണോ Mineral Water Unit ആയാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. മിനറൽ വാട്ടർ യൂണിറ്റ് ആണെങ്കിൽ ഭൂഗർഭ ജല വകുപ്പിൽ നിന്നും ശുദ്ധജലമാണെന്ന് ഉറപ്പാക്കുന്ന സാക്ഷ്യപത്രം ആവശ്യമാണ്. സഞ്ചയ പ്രകാരം 164 ച.മീ ഉള്ള ടി കെട്ടിടം Indutrial Building For Mineral Water Plant എന്ന ഇതരവ്യവസായങ്ങൾക്കാവശ്യമുള്ള കെട്ടിടഗണത്തിൽ പെടുത്തി പുതതായി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. വിപണിയിലുള്ള മിക്ക മിനറൽ വാട്ടർ യൂണിറ്റ് പ്ലാന്റുകളും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പേരുകളോട് കൂടിയവയാണ്. അത്തരം പേരുകളും പരസ്യ വാചകങ്ങളും മിനറൽ വാട്ടർ ബ്രാന്റുകൾക്ക് ഉപയോഗിക്കുന്നത് തടയേണ്ടതും ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുന്ന വേളയിൽ ഇക്കാര്യം ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. മിനറൽ വാട്ടറിന്റെ ബ്രാന്റ് നെയിം ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രസ്തുത മിനറൽ വാട്ടർ നിർമ്മാണത്തിന് അതേ സ്ഥലത്തെ വെള്ളം തന്നെ ഉപയോഗിച്ചിരിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ് എന്നും സർക്കുലറിൽ പറയുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തിയാണോ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന വിവരം ഓഡിറ്റിൽ അറിയിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ മേൽ പരാമർശിത സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ (യൂണിറ്റിന്റെ പേര്, ഉൽപ്പന്നത്തിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി, ഉൽപ്പാദനക്ഷമത തുടങ്ങിയവ) അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ അത്തരത്തിലൊരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതും നിലവിൽ മറ്റ് മിനറൽ വാട്ടർ യൂണിറ്റുകൾ പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്നുണ്ടോ എന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നം.4/25.08.2022 ന് മറുപടി നൽകിയിട്ടില്ല. മിനറൽ വാട്ടർ യൂണിറ്റുകളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

### 1-13-2 പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന കടകൾ ലൈസൻസ് പുതുക്കിയില്ല

പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തേക്ക് ലൈസൻസ് എടുത്തതായി ലൈസൻസ് രജിസ്റ്ററിൽ കാണുന്നില്ല.

1)റോയൽ ഓട്ടോസ്പെയേഴ്സ് (15/558)

2)ന്യൂ മൈ ഷോപ്പ് ടെക്സ്റ്റൈൽസ് (1/101)

3) മൈ ഷോപ്പ് ടെക്സ്റ്റൈൽസ് (1/100)

4)ഫെമിനെസ് Tailoring Shop (1/99A)

5)റോയൽ ഫർണ്ണീച്ചർ (1/99)

6)അറേബ്യൻ ഫുഡ്കോർട്ട് (1/98)

7) Childrens Corner Toy Shop (1/96)

8) Mobile Palace (1/95)

കെട്ടിട നമ്പർ 1/94 ൽ പ്രവർത്തിക്കുന്ന റോയൽ ബേക്കറി എന്ന സ്ഥാപനം മാത്രമാണ് ലൈസൻസ് പുതുക്കുന്നതായി കാണുന്നുള്ളൂ. ബാക്കി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും 2021-22 ലെ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/24.08.2022 ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

### 1-13-3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 269 – 271 , 1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിൽ സൂക്ഷിക്കുന്ന ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 ൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

1) മാസ് ക്ലിനിക്, സൌത്ത് വാഴക്കുളം

2) Dr.Reenas Speciality Dentistry, ചെമ്പറക്കി

3) വി-കെയർ ഡെന്റൽ ക്ലിനിക്, മഞ്ഞപ്പെട്ടി

4) വി-കെയർ പോളിക്ലിനിക് , ചെമ്പറക്കി

5) Nizam Dentzine Dental Care, മുടിക്കൽ

6) Meenus Clinic & Lab, മുടിക്കൽ

7) Badrinath Ayurveda Hospital & Research Centre

8) Care & Cure Accupuncture Home, മാറമ്പിള്ളി

9) Well Care Huda Computerised Lab, മുടിക്കൽ

ടി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ലൈസൻസ് ഫീസ് ഒടുക്കാതെ പ്രവർത്തിക്കുന്നതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളും വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/30.08.2022) മറുപടി ലഭിച്ചില്ല. ഇവരിൽ നിന്ന് ലൈസൻസ് ഫീ ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-14 കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

പഞ്ചായത്തിൽ 2021-22 വർഷം കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ ശ്രീ മുസ്തഫ ടി.എ, തോപ്പിൽ, മാറമ്പിള്ളി എന്ന വ്യക്തിയുടെ പേരിൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പ്ലാൻ പ്രകാരം ടി ഭൂമിയിൽ നിലനിൽക്കുന്ന 1/677 എന്ന കെട്ടിട നമ്പറുള്ള വാസഗൃഹത്തിന്റെ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതായി കണ്ടു. എന്നാൽ അധികമായി പണിത ഈ ഭാഗത്തിന്റെ റെഗുലറൈസേഷൻ നടത്തി പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി ഈടാക്കിയിട്ടില്ല. വിശദ വിവരം ഭാഗം 2.1 ൽ ചേർത്തിരിക്കുന്നു.

### 1-15 വാടക കെട്ടിടങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നില്ല – കരാർ പുതുക്കുന്നില്ല

വാടക രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ 12 കടമുറികളിൽ വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയിരിക്കുന്നവരുടെ വിശദ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം (കെട്ടിടത്തിന്റെ വിസ്തീർണ്ണം) | വാടകക്കാരുടെ പേര് | സ്ഥാപനത്തിന്റെ പേര് | പ്രതിമാസ വാടക | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|---|
| 1 | 1/92,93<br>(50ച.മീ, 24 ച.മീ) | കെ.എസ്.മുസ്തഫ | സ്വാശ്രയ കർഷക സമിതി | 3830 | 2021-22 |
| 2 | 1/96<br>(16.96ച.മീ) | ഇസഹാക്ക് വേലംകടി | Childrens Corner Toy Shop | 7114 | 10/2020 To 03/2022 |

| | | | | | |
|---|---|---|---|---|---|
| 3 | 1/99A (33.92 ച.മീ) | മുഹമ്മദ് കുഞ്ഞ്.എ.കെ | Feminez Tailoring Shop | 10950 | 09/2020 To 03/2022 |
| 4 | 1/100 (67.84 ച.മീ) | ആബിദ സുബൈർ | My Shoppe Textiles | 21900 | 12/2019 To 03/2022 |

യഥാസമയം വാടക ഈടാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം മുൻവർഷങ്ങളിലേതുൾപ്പെടെ ആകെ 7,68,318/- രൂപ ഈ ഇനത്തിൽ കുടിശ്ശികയായി ലഭിക്കാനുണ്ട്. ജി.എസ്.ടി., പ്രളയ സെസ് എന്നീ ഇനങ്ങളിലും യഥാസമയം തുക ഈടാക്കാഞ്ഞതിനാൽ നഷ്ടമുണ്ടായിട്ടുണ്ട്. കുടിശ്ശികയായ തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) വർഷം തോറും 5%വാടക വർദ്ധനവ് വരുത്താതെയും എഗ്രിമെന്റ് പുതുക്കാതെയുമാണ് സ്ഥാപനങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 2019-20 മുതൽ വാടക തുക പുതുക്കിയതായി കാണുന്നില്ല. കെട്ടിട നമ്പർ 1/92,93 എന്നീ മുറികളുടെ ആകെ വിസ്തീർണ്ണം 74 ച.മീ(50+24) ഉണ്ട്. എന്നാൽ ആകെ 3,830/- രൂപ മാത്രമാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം കുറഞ്ഞ വാടക തുക നിശ്ചയിച്ചിരിക്കുന്നതിനും പ്രതിവർഷം 5% വർദ്ധനവ് വരുത്താത്തതിനും കരാർ പുതുക്കി വെക്കാത്തതിനും, വർഷങ്ങളായി കുടിശ്ശികയുള്ളവരിൽ നിന്നും കുടിശ്ശികകൾ തിരികെ ലഭ്യമാക്കി പുനർലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/24.08.2022 ന് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയില്ല .

## 1-16 സാമൂഹ്യസുരക്ഷാ പെൻഷൻ - മരണപ്പെട്ടവരുടെ അക്കൌണ്ടിലേക്ക് ക്ഷേമപെൻഷൻ നൽകുന്നു - സർക്കാരിന് നഷ്ടം

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൌണ്ടിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതും, മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ തുക, വിതരണം ചെയ്യുന്ന ഏജന്റുമാർ, കുടുംബാംഗങ്ങൾ എന്നിവർ കൈപ്പറ്റിയതുമായ നിരവധി കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണപ്പെടുന്നവരെയും നിശ്ചിതമാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സർക്കുലർ നമ്പർ 67/2020/ധന തീ.05.11.2020 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സേവന പെൻഷൻ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഴക്കുളം ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണ രജിസ്ട്രേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ രജിസ്ട്രേഷൻ സമയത്ത് ആധാർ നമ്പർ ഹാജരാക്കിയവരുടെ വിവരങ്ങൾ സേവന വെബ്സൈറ്റ് മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതായി ബോധ്യപ്പെട്ടു.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | നിലവിലെ അവസ്ഥ | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹമായി വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|---|
| 1 | ചന്ദ്രൻ 28112505432 | വാർദ്ധക്യ കാല പെൻഷൻ 106500200644 | 04.02.2022 | ആക്ടീവ് | 03/2022 മുതൽ 06/2022 വരെ | 4X1600 =6400 |
| 2 | നീലകണ്ഠൻ നായർ 241894668328 | കർഷക തൊഴിലാളി പെൻഷൻ 106500100310 | 29.01.2011 | ആക്ടീവ് | 02/2022 മുതൽ 06/2022 വരെ | 5X1600=8000 |
| 3 | കെ.എ.ഇസ്മയിൽ 888561781926 | വാർദ്ധക്യ കാല പെൻഷൻ 106500201553 | 06.12.2021 | ആക്ടീവ് | 01/2022 മുതൽ 06/2022 വരെ | 6X1600=9600 |
| 4 | എം.എം.കുഞ്ഞുമുഹമ്മദ് 297648267062 | വാർദ്ധക്യ കാല പെൻഷൻ 106500201396 | 05.11.2021 | ആക്ടീവ് | 12/2021 മുതൽ 06/2022 വരെ | 7X1600=11200 |
| 5 | ആമിന 841152219103 | വാർദ്ധക്യ കാല പെൻഷൻ 106500201184 | 16.11.2021 | ആക്ടീവ് | 12/2021 മുതൽ 06/2022 വരെ | 7X1600=11200 |
| 6 | ജാനകി 861081402451 | വാർദ്ധക്യ കാല പെൻഷൻ 106500200017 | 17.10.2021 | ആക്ടീവ് | 11/2021 മുതൽ 06/2022 വരെ | 8X1600=12800 |
| 7 | ഫാത്തിമ 514032255960 | വിധവാ പെൻഷൻ 106500601317 | 08.10.2021 | ആക്ടീവ് | 11/2021 മുതൽ 06/2022 വരെ | 8X1600=12800 |

| | | | | | | |
|---|---|---|---|---|---|---|
| 8 | കാർത്ത്യായനിയമ്മ 211612057087 | വിധവാ പെൻഷൻ 106500600834 | 30.09.2021 | ആക്ടീവ് | 10/2021 മുതൽ 06/2022 വരെ | 9X600=5400 |
| 9 | ബീപ്പി 617644027387 | വിധവാ പെൻഷൻ 106500600039 | 19.08.2021 | ആക്ടീവ് | 09/2021 മുതൽ 06/2022 വരെ | 10X600=6000 |
| 10 | ആറ്റക്കിളി 886739784268 | കർഷക തൊഴിലാളി പെൻഷൻ 106500100398 | 20.05.2021 | ആക്ടീവ് | 06/2021 മുതൽ 06/2022 വരെ | 13X1600=20800 |
| 11 | കമലാക്ഷി തങ്കപ്പൻ 772294641277 | വിധവാ പെൻഷൻ 106500600981 | 10.05.2021 | ആക്ടീവ് | 06/2021 മുതൽ 08/2022 വരെ | 15X1600=24000 |
| 12 | അബ്ദുൾ റഹ്മാൻ 219375305664 | വാർദ്ധക്യ കാല പെൻഷൻ 106500201217 | 19.04.2021 | ആക്ടീവ് | 05/2021 മുതൽ 08/2022 വരെ | 16X1600=25600 |
| 13 | ഐഷ 709833536999 | വാർദ്ധക്യ കാല പെൻഷൻ 106500200479 | 21.04.2021 | ആക്ടീവ് | 05/2021 മുതൽ 08/2022 വരെ | 16X1600=25600 |
| 14 | തങ്കമ്മ കുമാരൻ 588275659857 | കർഷക തൊഴിലാളി പെൻഷൻ 106500100359 | 15.04.2021 | ആക്ടീവ് | 05/2021 മുതൽ 08/2022 വരെ | 16X1600=25600 |
| 15 | കെ.പി.മെയ്തീൻ 549411439121 | വാർദ്ധക്യ കാല പെൻഷൻ 106500200472 | 30.10.2020 | ആക്ടീവ് | 11/2020 മുതൽ 03/2021 വരെ (1500 വീതം), 04/2021 മുതൽ 08/2022 വരെ (1600 വീതം) | 5X1500=7500, 17X1600=27200 (ആകെ - 34700 രൂപ) |
| 16 | കോത അയ്യപ്പൻ 644282758385 | വാർദ്ധക്യ കാല പെൻഷൻ 106500200386 | 09.08.2021 | ആക്ടീവ് | 09/2021 മുതൽ 11/2021 വരെ (12/2021മുതൽ A/c Closed/transfered ആയതിനാൽ തുക നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല ) 07/2022 മുതൽ -08/2022 വരെ നിക്ഷേപിച്ചു | 3X1600=4800, 2X1600=3200 (ആകെ -8000) |
| 16 | പരീത്.എം.എ 645431617137 | വാർദ്ധക്യ കാല പെൻഷൻ 106500200469 | 12.03.2021 | ആക്ടീവ് | 04/2021 മുതൽ 08/2022 വരെ | 17X600=10200 |
| | കൃഷിഭവനിൽ നിന്നും കർഷക പെൻഷനും (ഐ.ഡി നം.2220120823) ലഭിക്കുന്നുണ്ട്. 04/2021 മുതൽ 06/2022 വരെ (15X1600)24000 രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. | | | | | |
| 17 | മുഹമ്മദ് 796582133174 | കർഷക തൊഴിലാളി പെൻഷൻ 106500100325 | 03.01.2021 | ആക്ടീവ് | 07/2022മുതൽ 08/2022 വരെ | 2X1600=3200 |
| | 02/2021 മുതൽ 06/2022 വരെ തുക ബാങ്കിന് കൈമാറാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നു, എന്നാൽ 2022 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ബാങ്കിൽ കൈമാറി എന്ന് കാണുന്നു. | | | | | |
| 18 | രാഘവൻ നായർ 202631710639 | വാർദ്ധക്യ കാല പെൻഷൻ 106500201164 | 24.11.2020 | ആക്ടീവ് | 12/2020 മുതൽ 03/2021 വരെ (1500 വീതം), 04/2021 മുതൽ 05/2021 വരെ (1600 വീതം), 07/2022 മുതൽ 08/2022 വരെ (1600 വീതം) | 4X1500=6000, 2X1600=3200, 2X1600=3200 (ആകെ -12400 രൂപ) |
| | 06/2021 മുതൽ 06/2022 വരെ തുക A/c ൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നു. | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 19 | പാത്തു 396924183745 | വാർദ്ധക്യ കാല പെൻഷൻ 106500201327 | 27.10.2020 | ആക്ടീവ് | 11/2020 മുതൽ 08/2022 വരെ | 22X600=13200 |
| | കേരള കാഷ്യൂവർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നതായി കാണുന്നു. | | | | | |
| 20 | ഹവ്വകുഞ്ഞ് 692287765274 | കർഷക തൊഴിലാളി പെൻഷൻ 106500100126 | 19.04.2021 | ആക്ടീവ് | 05/2021 മുതൽ 06/2021 വരെ | 2X1600=3200 |
| | 07/2021 മുതൽ 06/2022 വരെ A/c Closed ആയതിനാൽ തുക കൈമാറിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ 07/2022,08/2022 എന്നീ മാസങ്ങളിൽ ബാങ്കിന് തുക കൈമാറിയതായി കാണുന്നു. | | | | | 2X1600=3200 (ആകെ -6400 രൂ) |
| 21 | പത്മാവതി 677325245824 | വാർദ്ധക്യ കാല പെൻഷൻ 106500202466 | 14.05.2021 | ആക്ടീവ് | 06/2021 മുതൽ 09/2021 വരെ | 4X1600=6400 |
| | 10/2021മുതൽ A/c Closed ആയതിനാൽ തുക കൈമാറിയിട്ടില്ല എന്ന് കാണുന്നു. | | | | | |
| 22 | നബീസ 343832731229 | വിധവാ പെൻഷൻ 106500600386 | 06.08.2021 | ആക്ടീവ് | 09/2021 മുതൽ 04/2022 വരെ | 8X1600=12800 |
| | | (പുനർവിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ 05/2022 മുതൽ 06/2022 വരെ പെൻഷൻ തടഞ്ഞ് വെച്ചിരിക്കുന്നതായി കാണുന്നു) | | | | |
| | ആകെ തുക | 3,12,300 രൂപ | | | | |

മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാത്തിതനാൽ ലക്ഷങ്ങളുടെ നഷ്ടമാണ് സർക്കാരിനുണ്ടാകുന്നത്. ഇത്തരത്തിൽ അനർഹമായി കൈപ്പറ്റിയിട്ടുള്ള മുഴുവൻ തുകകളും അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് തിരിച്ചടക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

2) താഴെപ്പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ അവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ മരണശേഷവും ഏതാനും കാലയളവിൽ ഇവരുടെ അക്കൌണ്ടിലേയ്ക്ക് തുകകൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | നിലവിലെ അവസ്ഥ | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹമായി വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|---|
| 1 | അബ്ദുൾ മജീദ് 250898261929 | വാർദ്ധക്യ കാല പെൻഷൻ 106500200196 | 23.08.2021 | സസ്പെൻഡ് | 09/2021 മുതൽ 01/2022 വരെ | 5X1600=8000 |
| 2 | കദീജ കാസിം 642049877585 | വിധവാ പെൻഷൻ 106500600406 | 17.12.2021 | സസ്പെൻഡ് | 01/2022 മുതൽ 05/2022 വരെ | 5X1600=8000 |
| 3 | ലളിത നാരായണൻ നായർ 21484176807 | വാർദ്ധക്യ കാല പെൻഷൻ 106500201357 | 09.10.2021 | സസ്പെൻഡ് | 11/2021 മുതൽ 01/2022 വരെ | 3X1600=4800 |
| 4 | തങ്കപ്പൻ.കെ.പി 449114286582 | വികലാംഗ പെൻഷൻ 106500400142 | 25.09.2021 | സസ്പെൻഡ് | 10/2021 മുതൽ 12/2021വരെ | 3X1600=4800 |
| 5 | ഇ.പ്രഭാകരൻ നായർ 968316571753 | വാർദ്ധക്യ കാല പെൻഷൻ 106500201215 | 03.08.2021 | സസ്പെൻഡ് | 09/2021 മുതൽ 06/2022വരെ | 10X1600=16000 |
| 6 | സെയ്തുമുഹമ്മദ് 628263635687 | വാർദ്ധക്യ കാല പെൻഷൻ 106500200681 | 28.03.2021 | സസ്പെൻഡ് | 04/2021 മുതൽ 06/2022വരെ | 15X1600=24000 |
| 7 | ദേവകി 343682055546 | കർഷക തൊഴിലാളി പെൻഷൻ 106500100223 | 08.12.2020 | സസ്പെൻഡ് | 01/2021-03/2021 (1500 വീതം), 04/2021 -12/2021 (1600വീതം) | 3X1500=4500, 9X1600=14400 (ആകെ -18900 രൂ) |
| | ആകെ തുക | | | | | 84500 രൂപ |

തുക അവരുടെ അനന്തരാവകാശികളുടെ പക്കൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ എസ്.എഫ്.സി.ബി1.71/2017/ധന തീയതി 22.09.2017 സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പ്രസ്തുത പെൻഷൻ നിർത്തപ്പെടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . വാഴക്കുളം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അക്കാര്യം അറിയിക്കാത്തതിനാൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ള വ്യക്തികളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രസ്തുത പ്രാദേശിക സർക്കാരിനു കാലതാമസം നേരിടുകയോ/ ഒഴിവാക്കാതെ നിലനിൽക്കുയോ ചെയ്യുന്നു. ആയതിനാൽ മരണശേഷവും പെൻഷൻ തുക അക്കൌണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി കാണുന്നു. വാഴക്കുളം പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും മറ്റ് പഞ്ചായത്തുകളിൽ നിന്ന് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | നിലവിലെ അവസ്ഥ | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹമായി വിതരണം ചെയ്ത ആകെ തുക | പെൻഷൻ ലഭിച്ചു കൊണ്ടി രിക്കുന്ന പ്രാദേശിക സർക്കാർ |
|---|---|---|---|---|---|---|---|
| 1 | ഖദീജ.സി.കെ 910848019494 | വാർദ്ധക്യ കാല പെൻഷൻ 106530200509 | 26.07.2021 | ആക്ടീവ് | 08/2021 മുതൽ 06/2022 വരെ | 11X1600=17600 | എടത്തല ഗ്രാമ പഞ്ചായത്ത് |
| 2 | ലീലാമ്മ ഗോപാലൻ 458359869721 | വിധവാ പെൻഷൻ 103760600269 | 01.02.2021 | ആക്ടീവ് | 03/2021 മുതൽ തുക കൈമാറാൻ സാധിച്ചില്ല എന്ന് കാണിക്കുന്നു. എന്നാൽ 07/2022, 08/2022 എന്നീ മാസങ്ങളിൽ ബാങ്കിൽ കൈമാറിയതായി കാണുന്നു. | 2X1600=3200 | കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് |
| 3 | കമലാക്ഷി 895223658036 | വാർദ്ധക്യ കാല പെൻഷൻ 107090200048 | 19.01.2021 | ആക്ടീവ് | 02/2021-03/2021 (1500 വീതം), 04/2021 -08/2022 (1600വീതം) | 2X1500=3000, 17X1600=27200 (ആകെ-30200) | ആയവന ഗ്രാമ പഞ്ചായത്ത് |
| 4 | മജീദ്.പി.എസ് 764557341429 | വാർദ്ധക്യ കാല പെൻഷൻ 106540202968 | 08.12.2020 | ആക്ടീവ് | 01/2021-03/2021 (1500 വീതം), 04/2021 -08/2022 (1600വീതം) | 3X1500=4500, 17X1600=27200 (ആകെ-31700) | കീഴ്മാട് ഗ്രാമ പഞ്ചായത്ത് |
| 5 | അബ്ദുൾ റഹിമാൻ 901959646171 | വാർദ്ധക്യ കാല പെൻഷൻ 106520200216 | 03.11.2020 | ആക്ടീവ് | 12/2020-03/2021 (1500 വീതം), 04/2021 -08/2022 (1600വീതം) | 4X1500=6000, 17X1600=27200 (ആകെ-33200) | ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് |
| 6 | മുഹമ്മദ്.പി.എം 207701588329 | വാർദ്ധക്യ കാല പെൻഷൻ 106810200660 | 09.01.2022 | ആക്ടീവ് | 02/2022 മുതൽ 06/2022 വരെ | 5X1600=8000 | പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് |
| | | | | | ആകെ തുക | 1,23,900 | |

മേൽ സൂചിപ്പിച്ച മറ്റ് പഞ്ചായത്തുകളിൽ നിന്ന് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ മരണവിവരം അതാത് പഞ്ചായത്തുകളെ അറിയിക്കുകയോ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

4) ഗുണഭോക്താവിന്റെ മരണശേഷവും ആക്ടീവ് ആയി തുടരുന്ന ഏതാനും പെൻഷൻ അക്കൌണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ അവസ്ഥ | റിമാർക്സ് |
|---|---|---|---|---|---|
| 1 | സൈനബ അബ്ദുൾ കരീം 382192038303 | കർഷക തൊഴിലാളി ക്ഷേമ പെൻഷൻ | 21.02.2022 | ആക്ടീവ് | 03/2022 മുതൽ A/c Closed ആയതിനാൽ തുക കൈമാറിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | 106500100344 | | | എന്നാൽ 07/2022, 08/2022 എന്നീ മാസങ്ങളിൽ 1600 രൂപ വീതം ബാങ്കിന് കൈമാറിയതായി കാണുന്നു. |
| 2 | കുര്യാക്കോസ് 494786280412 | കർഷക തൊഴിലാളി ക്ഷേമ പെൻഷൻ 2220120873 | 02.02.2022 | ആക്റ്റീവ് | 01/2022 മുതൽ A/c Closed ആയതിനാൽ തുക കൈമാറിയിട്ടില്ല |
| | | കൃഷിഭവനിൽ നിന്നുള്ള പെൻഷൻ മാത്രമാണ് ടിയാനുള്ളത്. ടി വകുപ്പിൽ വിവരം അറിയിക്കാവുന്നതാണ്. | | | |
| 3 | ഇബ്രാഹിംകുട്ടി 455304698238 | കർഷക തൊഴിലാളി ക്ഷേമ പെൻഷൻ 2220120896 | 26.08.2021 | ആക്റ്റീവ് | 09/2021 മുതൽ 06/2022 വരെ (10X1600) 16000 രൂപ ബാങ്കിൽ നിക്ഷേപിച്ചു . ഇത് കൃഷിഭവൻ വഴിയുള്ള പെൻഷനാണ്.ബന്ധപ്പെട്ട വകുപ്പിനെ വിവരം അറിയിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നുള്ള വാർദ്ധക്യകാല പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട് . |

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മരണം റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് യഥാസമയം ടി ഗുണഭോക്താക്കളുടെ പെൻഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാതെ സർക്കാരിന് നഷ്ടം വരുത്തിവെക്കുന്നത് ശരിയായ നടപടിയല്ല. 2021, 2022 എന്നീ വർഷങ്ങളിലെ ഡെത്ത് രജിസ്റ്റർ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. 2019 വർഷാവസാനമാണ് പെൻഷൻ ഗുണഭോക്താക്കൾ അവസാനമായി ഇ-മസ്റ്ററിംഗ് നടത്തിയതായി കാണുന്നത്. അതിനുശേഷം മരണപ്പെട്ടവരുടെ വിവരങ്ങൾ പരിശോധിച്ച് ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും യഥാസമയം മസ്റ്ററിംഗ് നടത്തേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന, തീയതി: 02.08.2021 ലെ താഴെപ്പറയുന്ന മറ്റ് നിർദ്ദേശങ്ങൾ കൂടി കർശനമായും പാലിക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്.

2) പ്രാദേശിക സർക്കാർ പരിധിക്കുള്ളിൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ(എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.

3) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/28.08.2022) ഇവരിൽ നിന്നെല്ലാം തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് പരിചരണപദ്ധതി-അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. വാഴക്കുളം നടപ്പിലാക്കിയ പാലിയേറ്റിവ് കെയർ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു- 2281/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഡിജിറ്റൽ ബി പി അപ്പാരറ്റസ്, ചാർജർ എന്നിവ വാങ്ങിയതിന് മെഡികിംഗ് ഹോസ്പിറ്റൽ പ്രൊഡക്ട്സ്, എടത്തല പി ഒ എന്ന സ്ഥാപനത്തിന്റെ 30.08.2021 ലെ ഇൻവോയ്സ് നമ്പർ 70 പ്രകാരം രണ്ട് തവണ തുക പിൻവലിച്ചു. അധികം പിൻവലിച്ച 2281/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-17-1 സാന്ത്വന പരിചരണ പദ്ധതി - ഹോം കെയർ റിപ്പോർട്ടിലെ അപാകതകൾ.

സാന്ത്വന പരിചരണ പദ്ധതിയുടെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ, ബില്ലുകൾ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

I) ഗൃഹസന്ദർശനം നടത്തിയ ദിവസങ്ങളിലെ ഭക്ഷണച്ചെലവിനായി 160/- രൂപ നിരക്കിൽ പാലിയേറ്റീവ് കെയർ നഴ്സിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം ഈ തീയതികളിൽ ഗൃഹസന്ദർശനം നടന്നിട്ടില്ല.

02.11.2021
03.11.2021

08.11.2021
09.11.2021
10.11.2021
15.11.2021
22.11.2021
7 ദിവസങ്ങളിലേക്ക് അനുവദിച്ച് നൽകിയ തുക = 7x160 = 1,120/- രൂപ

li) ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ പ്രകാരം 29.11.2021 ന്ശേഷം ഗൃഹസന്ദർശനം നടന്നിട്ടുള്ളത് 22.04.2022ൽ ആണ്. എന്നാൽ ഡിസംബർ 2021, ജനുവരി 2022 എന്നീ മാസങ്ങളിൽ ഗൃഹസന്ദർശനം നടത്തിയതിന് 16 ദിവസങ്ങൾ വീതം ആകെ 32 ദിവസങ്ങളിലേക്ക് 160/- രൂപ നിരക്കിൽ 5,120/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30.08.2022 ലെ 27ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി നവംബർ മാസം റിപ്പോർട്ടിൽ ചേർക്കാത്ത ദിവസങ്ങളിൽ വാക്സിനേഷൻ ഡ്യൂട്ടി ആയിരുന്നെന്നും ആയതിനാലാണ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതെന്നും ആണ്. 29.11.2021ന് ശേഷം നടത്തിയ ഗൃഹസന്ദർശന വിവരങ്ങൾ വേറെ പേജിൽ ചേർത്തിട്ടുണ്ടെന്നും വിശദീകരിച്ചു.

പദ്ധതികൾ നടപ്പാക്കുമ്പോൾ മാനദണ്ഡങ്ങൾ പാലിച്ച് മാത്രം നടപ്പാക്കേണ്ടതും ഫയലുകളും രജിസ്റ്ററുകളും ശരിയായി പരിപാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-18 തുടർ സാക്ഷരത പരിപാടി -ഗുഡ് ഇംഗ്ലീഷ് പ്രോജക്ടിന് തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | 47 / തുടർ സാക്ഷരതാ പരിപാടി |
| അടങ്കൽ / ചെലവ് / (ഫണ്ടിനം) | 2,25,000 രൂപ / 1,22,650 രൂപ /(തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ്, വാഴക്കുളം |
| ചെക്ക് നം/തീയതി /തുക | ചെക്ക് നം.72941/26.03.2022/ 1,22,650 രൂപ<br>(1)24050(പത്താം തരം)<br>2)72600 (ഹയർ സെക്കണ്ടറി)<br>3)26000 (ഗുഡ് ഇംഗ്ലീഷ്) ) |

ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ തുടർ സാക്ഷരതാ പരിപാടിക്കായി കേരള സാക്ഷരതാ മിഷന് മേൽ സൂചിപ്പിച്ച പ്രകാരം തുകകൾ കൈമാറിയിട്ടുണ്ട് . ടി പ്രോജക്ടിൽ 13 പേർക്ക് 2,000/- രൂപ വെച്ച് ആകെ 26,000/- രൂപ ഗുഡ് ഇംഗ്ലീഷ് കോഴ്സ് എന്ന് പരിശീലനത്തിനായി നൽകിയതായി കാണുന്നു. എന്നാൽ ടി 13 വിദ്യാർത്ഥികളുടെ പരീക്ഷാ രജിസ്ട്രേഷൻ വിവരങ്ങളോ പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റോ ഫയലിൽ ലഭ്യമല്ല. ആയതിന്റെ വിശദ വിവരങ്ങളും സാക്ഷരതാ മിഷനിൽ നിന്നുള്ള 1,22,650/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം.12/27.08.2022) മറുപടി ലഭ്യമാകാത്തതിനാൽ 1,22,650/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-19 മുൻകൂർ തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭ്യമായില്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0366/22, ഐ.എൽ.ജി.എം.എസ്.-ഉപകരണങ്ങൾ വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും |
| അടങ്കൽ തുക | 5,00,000/-(തനതുഫണ്ട്) |
| ആകെ ചെലവ് തുക | 2,95,934/- |
| ബിൽ നമ്പർ/ തീയതി | 469/2021-22 തീയതി 25.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ ഐ.എൽ.ജി.എം.എസ്. പ്രവർത്തനങ്ങൾക്കായി 39,797/- രൂപ വിലവരുന്ന 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, 96,949/- രൂപ വില വരുന്ന ഒരു സ്കാനർ എന്നിവ വാങ്ങുന്നതിന് കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന് ഈ പദ്ധതി പ്രകാരം 2,95,934/- രൂപ 25.03.2022 ൽ കൈമാറിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ, സ്കാനർ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.08.2022 ൽ 14ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് കമ്പ്യൂട്ടർ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മുൻകൂർ തുക നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ഈയിനത്തിലെ ചെലവുതുക 2,95,934/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| ഐ.കെ.എം. | ഐ.കെ.എം.വിഹിതം അടവാക്കൽ S01/22 | 112000/-(വികസന ഫണ്ട് - സാധാരണ വിഹിതം) | 1,11,758/- | 14/08.06.2021 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് S58/22 | 200000/- (തനതുഫണ്ട്) | 1,98,268/- | 22101274/30.03.22 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ – വാർഡ്-18 S173/22 | 52500/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 38,114/- | 22101399/31.03.22 |
| | | | 10,738/- | 22101400/31.03.22 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് & ഫെയ്സ് ചെയ്ഞ്ചിംഗ്(വാർഡ് 18) പ്രോജക്ട് S177/22 | 100000/-(ധനകാര്യ കമ്മീഷൻ അവാർഡ്) | 15,795 | 22101401/31.03.22 |
| | | | 84,000 | 22101402/31.03.22 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിവിധ വാർഡുകൾ S325/22 | 810000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 8,05,020 | 22101405/31.03.22 |
| ജില്ലാ പഞ്ചായത്ത് | കുട്ടികൾക്കായുള്ള ജില്ലാ വെബ്പോർട്ടൽ S320/22 | 12500/- (തനതുഫണ്ട്) | 12,500/- | 397/14.03.2022 |
| കേരളാ വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S326/22 | 3842030/- (3834930/- ധനകാര്യ കമ്മീഷൻ അവാർഡ്, 7100/- തനതുഫണ്ട്) | 1,92,000/- | 22101508/16.02.2022 |
| | | | 36,42,930/- | 22101564/22.03.2022 |
| | | | 7,070/- | 22101302/31.03.2022 |
| കേരളാ വാട്ടർ അതോറിട്ടി | എസ് സി കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S126/22 | 160000/- (തനതുഫണ്ട്) | 1,60,000/- | 22101218/05.03.2022 |
| കേരളാ വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S342/22 | 2207500/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 22,07,500/- | 22101406/31.03.2022 |
| | | ആകെ | 74,85,693/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 27.08.2022 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. പ്രൊജക്ട് നം. S320/22 പ്രകാരം ജില്ലാ പഞ്ചായത്തിന് നൽകിയ തുക 31.03.2022ൽ (ഫിനാൻസ് സ്കീം ലൈനിംഗ്) വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാർ തിരികെ എടുത്തിട്ടുള്ളതാണെന്നാണ് ജില്ലാപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ സർക്കുലറിൽ സംയുക്ത പദ്ധതികൾക്കായി ആരംഭിച്ച ടി.എസ്.ബി. അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക ഏത് ശീർഷകത്തിൽ നിന്നാണോ നിക്ഷേപിച്ചിട്ടുള്ളത് അതേ ശീർഷകത്തിൽ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ കൈമാറിയ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് ജില്ലാപഞ്ചായത്തിന് നൽകിയ തുക ആയതിനാൽ, പദ്ധതി നടപ്പാക്കിയിട്ടില്ലാത്ത പക്ഷം, ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭ്യമാക്കി തനതുഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. അവശേഷിക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആകെ ചെലവുതുക 74,85,693/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-20-1 ജില്ലാ പഞ്ചായത്തിന് തുക നൽകി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്കായി മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. തുക ചെലവഴിച്ചിട്ടുണ്ട്.

1.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S184/22 – സ്ട്രെങ്ത്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് |
| അടങ്കൽ തുക | 20,000/-(തനതുഫണ്ട്) |
| ആകെ ചെലവ് തുക | 20,000/- |
| ബിൽ നമ്പർ/ തീയതി | 379/2021-22 തീയതി 05.03.2022 |

2.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S182/22 – നിർദ്ധനരായ ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം |
| അടങ്കൽ തുക | 1,20,000/-(തനതുഫണ്ട്) |
| ആകെ ചെലവ് തുക | 1,20,000/- |
| ബിൽ നമ്പർ/ തീയതി | 378/2021-22 തീയതി 05.03.2022 |

മേൽ പദ്ധതികളുടെ ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം പ്രൈമറി ഹെൽത്ത് സെന്റർ, വാഴക്കുളം എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് മുഖേന പദ്ധതി നടപ്പാക്കുന്നതിന് തുക ജില്ലാ പഞ്ചായത്തിന് കൈമാറിയതായി അറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും കൈമാറിയ തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 29.08.2022 ലെ 23ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ട്രഷറി മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്തിന് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ രണ്ട് പദ്ധതികളിലുമായി ആകെ കൈമാറിയ 1,40,000/- (20,000+1,20,000) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-21 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0120/22 – കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ തുക | 15,00,000/- (₹3,52,359- തനതുഫണ്ട്, ₹11,47,641/- മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ആകെ ചെലവ് തുക | 14,99,100/- |
| ബിൽ നമ്പർ/ തീയതി | 463/2021-22 തീയതി 25.03.2022 തുക ₹1,52,459/-<br>466/2021-22 തീയതി 25.03.2022 തുക ₹1,99,000/-<br>185/2021-22 തീയതി 10.12.2021 തുക ₹10,00,000/-<br>462/2021-22 തീയതി 25.03.2022 തുക ₹1,47,641/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

പദ്ധതിയിൽ മരുന്ന് വാങ്ങുവാൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 13,00,100/- രൂപയും, നീതി മെഡിക്കൽ സ്റ്റോറിന് 1,99,000/- രൂപയും നൽകിയിട്ടുണ്ട്. മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുകയിൽ 5,72,479/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 7,27,621/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 29.08.2022 ലെ 24ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഫോൺ മുഖേനയും ഇ-മെയിൽ ആയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നത് വരെ 7,27,621/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വെറ്ററിനറി മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0145/22 – മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 90,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ആകെ ചെലവ് തുക | 90,000/- |
| ബിൽ നമ്പർ/ തീയതി | 382/2021-22 തീയതി 07.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഈ പദ്ധതിയിൽ മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ക്വട്ടേഷൻ മുഖേന വാങ്ങിയിട്ടുള്ളത് രണ്ട് സ്ഥാപനങ്ങളിൽ നിന്നാണ്. മെഡി ഫാർമ, അങ്കമാലി എന്ന സ്ഥാപനത്തിൽ നിന്ന് 52,503/- രൂപ വില വരുന്ന മരുന്നുകളും ടി കെ ഫാർമ കൂത്താട്ടുകുളം എന്ന സ്ഥാപനത്തിൽ നിന്നും 37,518/- രൂപയുടെ മരുന്നുകളും വാങ്ങിയതിന് യഥാക്രമം 52,500/-, 37,500/- എന്നിങ്ങനെ ആകെ 90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമായതായി അറിയിച്ചെങ്കിലും മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.08.2022 ൽ 11ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രജിസ്റ്റർ ലഭ്യമായിട്ടില്ല. വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്ത് സാക്ഷ്യപ്പെടുത്താത്തത് ചട്ട വിരുദ്ധമാണ്. ആയതിനാൽ മരുന്ന് സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ആട് വിതരണം-പദ്ധതിയിലെ അപാകത

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0144/22 – ആട് വളർത്തൽ |
| അടങ്കൽ തുക | 2,80,000/-(1,40,000/- വികസന ഫണ്ട്-ജനറൽ, 1,40,000/- ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 2,80,000/- |
| ബിൽ നമ്പർ/ തീയതി | 414/2021-22 തീയതി 19.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 40 പെണ്ണാടുകളെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആട് ഒരെണ്ണത്തിന് 7000/- രൂപ നിരക്കിൽ വാങ്ങിയതിന് 50% പ്ലാൻ ഫണ്ട്, 50% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ചെലവ് വന്നിട്ടുള്ളത്. ആടുകളെ വാങ്ങിയിട്ടുള്ളത് മരിയ ഫാം, ചേനപ്പാടി പി.ഒ., കാഞ്ഞിരപ്പള്ളി എന്ന ഫാമിൽ നിന്നാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം.22/2018 തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.2 ലെ ക്രമ നമ്പർ 2 പ്രകാരം ജില്ലാതലത്തിൽ നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകേണ്ടത്. എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 20.03.2020 ലെ ഉത്തരവ് നമ്പർ 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം. തീയതി 20.03.2020 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് 2021-22 പദ്ധതികൾക്ക് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം ആട് (മലബാറി 6 മാസം 12 കി.ഗ്രാം) 5000/- രൂപ, ആട് (മലബാറി 1 വയസ്സ് 20 Kg & Above) 8000/-രൂപ എന്നിങ്ങനെയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. ബില്ലിലും ഇൻഷ്വറൻസ് പ്രൊപ്പോസലിലും 1 വയസ്സ് പ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആടുകളെ ഇൻഷ്വർ ചെയ്ത ദി ഓറിയന്റൽ കമ്പനി ഇൻഷ്വറൻസ് ലിമിറ്റഡ്-ന്റെ 441900/47/2023/249 നമ്പർ പോളിസിയിൽ ആടുകളുടെ പ്രായം 0 Year 6 Months എന്നാണ് ചേർത്തിട്ടുള്ളത്. യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് 7000/- രൂപ നിരക്കിൽ ആടുകളെ വാങ്ങി വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 26.08.2022 ൽ നൽകിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ എറണാകുളം ജില്ലാതല സമിതിക്ക് നൽകിയ യൂണിറ്റ് കോസ്റ്റ് ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഡാറ്റാ എൻട്രി നടത്തിയിരുന്നതെന്നും 2020-21 ലെ യൂണിറ്റ് കോസ്റ്റ് 2021-22 ൽ ബാധകമാണെന്ന് അറിയില്ലായിരുന്നെന്നും മറുപടിയിൽ അറിയിച്ചു. പദ്ധതിയിൽ വിതരണം ചെയ്ത ആടുകൾ 1 വർഷം പ്രായമുള്ളതും 15 മുതൽ 19 വരെ തൂക്കമുള്ളതും ഏകദേശം 8000/- രൂപ നിരക്കിലേതിന് അടുത്തുനിൽക്കുന്നതുമാണെന്നും പോളിസി ഡോക്യുമെന്റിൽ വന്ന വ്യതിയാനം ക്ലറിക്കൽ വീഴ്ച മൂലമാണെന്നും വിശദീകരിച്ചു. പദ്ധതികൾ നടപ്പാക്കുമ്പോൾ മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 അനുപൂരക പോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണത്തിനായി പ്രൊജക്ട് നമ്പർ 7/22 പ്രകാരം 53,88,318/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് ലഭ്യമാക്കിയിട്ടുള്ളത് എടത്തല ഗ്രാമപഞ്ചായത്ത്, അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്-ആണ്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ.സി.ഡി.എസ്. ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 20.01.2021 ൽ ലഭ്യമാക്കിയ സാംപിൾ ചെന്നൈയിലെ റീജിയണൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്തതിന്റെ 19.02.2021 തീയതിയിലെ റിസൽട്ട് പദ്ധതിയുടെ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. റിസൽട്ടിൽ "The Sample Submitted Conforms For Protein & Calorific Value" എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട്സ് സ്റ്റാൻഡേർഡ്സ് ആൻഡ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011 ലെ അദ്ധ്യായം 1, ഖണ്ഡിക 2.1.19 ഫുഡ്സ് ഫോർ ഇൻഫന്റ് ന്യൂട്രീഷ്യൻ ഇനം 4 ൽ Processed Cereal Based Complementary Food ന്റെ ഗുണനിലവാരം നിഷ്കർഷിച്ചിട്ടുണ്ട്. അത് പ്രകാരം Moisture, Percent By Weight (Not More Than) 4.0 ആണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ ലബോറട്ടറി അനാലിസിസ് റിപ്പോർട്ടിലെ കെമിക്കൽ അനാലിസിസിൽ Moisture 4.80% ആണ് ഉള്ളത്. അതായത് അനുവദനീയമായതിലും അധികം Moisture ഉള്ളതായി കാണുന്നു. ഗുണനിലവാര പരിശോധനയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 26.08.2022 ൽ നൽകിയ 60ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലാബിൽ അയക്കുന്ന സാമ്പിളുകളുടെ റിസൽട്ട് ലഭ്യമാകാൻ താമസം നേരിട്ടിരുന്നുവെന്ന് അറിയിച്ചു. കാക്കനാട് റീജിയണൽ അനലിറ്റിക്കൽ ലാബിൽ നടത്തിയ പരിശോധനയിൽ സാമ്പിളിൽ Yeast And Mold-ന്റെ സാന്നിദ്ധ്യം കണ്ടതിനാൽ യൂണിറ്റിന്റെ പ്രവർത്തനം താല്ക്കാലികമായി നിർത്തി ഉൽപ്പന്നം നശിപ്പിച്ചിരുന്നുവെന്നും ജൂലൈ 2022 മുതൽ സാമ്പിൾ ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പാക്കിയാണ് നിലവിൽ വിതരണം നടത്തുന്നതെന്നും മറുപടി നൽകി. 6 മാസം മുതൽ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നൽകുന്ന ആഹാരമെന്ന നിലയ്ക്ക് ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടത് ഗൗരവമുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ വീഴ്ചകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കറവപ്പശു വാങ്ങൽ - മാനദണ്ഡം പാലിക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0137/22 – കറവപ്പശു വളർത്തൽ വനിതകൾക്ക് |
| അടങ്കൽ തുക | 12,00,000/- (600000/-വികസന ഫണ്ട്-ജനറൽ,600000/-ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 1170,000/- (600000/- വികസന ഫണ്ട്-ജനറൽ, 570000/-ഗുണഭോക്തൃവിഹിതം) |
| ബിൽ നമ്പർ/തീയതി | 367/2021-22 തീയതി 28.02.2022 തുക ₹ 3,90,000/-<br>367/2021-22 തീയതി 28.02.2022 തുക ₹ 2,10,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 20 പശുക്കളെ വാങ്ങിയതിന് 60,000/-രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയാണ് 50% ആയ 30,000/- രൂപ സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. എറണാകുളം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 20.03.2020 ലെ ഉത്തരവ് നമ്പർ 61139/20/ ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം. തീയതി 20.03.2020 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കാണ് പദ്ധതിയ്ക്ക് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം കറവപ്പശു സങ്കരയിനം (14 ലിറ്റർ പാൽ പ്രതി ദിനം) 60,000/-രൂപ ആണ് യൂണിറ്റ് കോസ്റ്റ്. പദ്ധതിയിൽ വാങ്ങിയ സങ്കരയിനം (Bovine) കറവപ്പശുക്കൾ പലതിനും 12 മുതൽ 13 ലിറ്റർ വരെ പാൽ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങൽ നടത്തുമ്പോൾ മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തി സബ്സിഡി അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ആവശ്യകത വ്യക്തമല്ല.

സെക്രട്ടറി നടപ്പാക്കിയ മൂന്ന് പദ്ധതികളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് മുൻകൂർ നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് S58/22 | 200000/-(തനതുഫണ്ട്) | 198268/- | 22101274/30.03.22 |
| 2 | പോസ്റ്റ് ഷിഫ്റ്റിംഗ് & ഫെയ്സ് ചെയ്ഞ്ചിംഗ് (വാർഡ് 18) പ്രോജക്ട് S177/22 | 100000/-(ധനകാര്യ കമ്മീഷൻ അവാർഡ്) | 15795/- | 22101401/31.03.22 |
| | | | 84000/- | 22101402/31.03.22 |
| 3 | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് SO257/22 | 25000/- | 23467/- | 22100442/24.08.22 |

ക്രമ നമ്പർ 3 പദ്ധതിയിൽ പ്രൊജക്ട് നമ്പർ SO257/22 പ്രകാരം താഴെപ്പറയുന്ന എണ്ണം പോസ്റ്റുകളാണ് മാറ്റി സ്ഥാപിച്ചത്.
വാർഡ് 8 - 1 എണ്ണം
വാർഡ് 13 - 3 എണ്ണം
വാർഡ് 18 - 1 എണ്ണം
വാർഡ് 20 - 1 എണ്ണം

ഈ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത എന്താണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് തുക ചെലവഴിച്ച് ചെയ്യേണ്ട പ്രവൃത്തിയാണോയെന്ന് വ്യക്തമല്ല. പ്രോജക്ട് നമ്പർ S58/22, പ്രോജക്ട് നമ്പർ S177/22 എന്നീ പദ്ധതികളുടെ ഫയലിൽ എത്രയെണ്ണം പോസ്റ്റുകളാണ് മാറ്റേണ്ടതെന്നോ ഏതൊക്കെയാണെന്നോ ഉള്ള വിവരം ലഭ്യമല്ല. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത വ്യക്തമായി കണക്കിലെടുത്ത് മാത്രം ഇത്തരം പദ്ധതികൾക്ക് തുക ചെലവഴിക്കേണ്ടതാണ്.

## 1-27 ആസ്തി സംരക്ഷണം - മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. ആസ്തിസംരക്ഷണം സർക്കാർ നിർദ്ദേശപ്രകാരം നടപ്പാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് 29.08.2022 ൽ 21ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയോ അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന് നിലവിലുള്ള ആസ്തികളുടെ കൃത്യമായ പരിശോധനയും, മെയിന്റനൻസും, സംരക്ഷണവും ഉറപ്പവരുത്തുവാൻ അതിനാൽ തന്നെ സംവിധാനം ഇല്ല. മാനവലിലെ ഖണ്ഡിക 6.1.2, 6.1.3 എന്നിവ പ്രകാരമുള്ള ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവ നടത്തുന്നില്ല. ആസ്തി രജിസ്റ്റർ ഹാജരാക്കിയെങ്കിലും രജിസ്റ്ററിൽ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ രേഖപ്പെടുത്തി വരുന്നില്ല. വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നമ്പർ | S0016/22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹ 3,00,000/- |
| ചെലവ് | ₹ 3,00,000/- |
| ബിൽ നമ്പർ (ACR പ്രകാരം) | 226/10-1-2022 |

പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപറേറ്റീവ് ഫാർമസിക്ക് 14-01-2022 ൽ 3,00,000/- രൂപ നൽകിയിട്ടുണ്ട് (UTR NO - RBI0152259183638). എന്നാൽ ഈ തുകക്ക് മരുന്ന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമായില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/30-8-2022) കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000/- രൂപ നൽകിയെങ്കിലും നാളിത് വരെയും മരുന്നുകൾ ലഭ്യമാക്കിയില്ല എന്ന മറുപടിയാണ് ലഭ്യമായത്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 സംരക്ഷണ ഭിത്തിക്ക് അധികം കല്ല് ഉപയോഗിച്ചത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് | 258/22 |
| പ്രവൃത്തി | Elvumkudithazham Kulam Side Protection (First Portion) |
| എം ബുക്ക് | 717/20-21 |
| കരാറുകാരൻ | മനോജ് കുമാർ പി എസ് |
| എസ്റ്റിമേറ്റ് | ₹ 7,00,000/- |
| ആകെ പ്രവൃത്തി | ₹ 6,92,084/-<br>(Bill No. 539/30-3-21 Rs. 3,22,899/-, Bill No. 485/26-3-22 Rs. 3,69,185/- |
| DSR/Cost Index | 2016/ 39.89% |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 26.85 മീറ്റർ നീളത്തിൽ 3.50 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയായാണ്. ഇതിന്റെ ഇടക്ക് 2 RCC Belt- ഉം കൂടാതെ മുകളിൽ Belt – ഉം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

എസ്റ്റിമേറ്റ് താഴെ കൊടുക്കുന്നു

ഫൗണ്ടേഷൻ (DR Item No. 60.7.1) - 26.85 M X 1.9 M X 0.30 M = 21.005 M3

സൂപ്പർ സ്ട്രക്ചർ - 26.85 M X 1.75 M + 0.50m /2 X 3.5 M = 145.097 M3

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി താഴെ കൊടുക്കുന്നു.

ഫൗണ്ടേഷൻ - 53.88 M X 1.90 M X 0.4 M = 40.948 M3

സൂപ്പർ സ്ട്രക്ചർ - 41.83 M X 1.75 M + 1.40 M / 2 X 1.05m = 69.176 M3

41.83 M X 1.40 M + 1.20m / 2 X 0.70m = 38.015 M3

12.05 M X 1.75 M + 1.20 M / 2 X 1.75 M = 31.104 M3

നൽകിയ തുക - 179.295 M3 X 2684.91/m3 = 4,81,391/-

Top Belt Rcc - 53.88 M X 1.20 M X 0.15 M = 9.70 M3

(9.70 M3 X 8075.36/m3 = 78,331)

ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റ് പ്രകാരം 26.85 M നീളത്തിലും ആവറേജ് 1.125 M (1.75 M + 0.50m /2 ) വീതിയിലും 3.5 M ഉയരത്തിലുമാണ് ഭിത്തി നിർമ്മിക്കേണ്ടത്. എന്നാൽ എം ബുക്ക് പ്രകാരം 53.88 M നീളത്തിൽ 1.475m (1.75 M + 1.20 M / 2 ) വീതിയിലും 1.75 M ഉയരത്തിലുമാണ് ഭിത്തി നിർമ്മിച്ചിട്ടുള്ളത്.

1.75 M ഉയരത്തിലുള്ള ഒരു ഭിത്തി ആവറേജ് 0.6875 M (0.875m + 0.5/2) വീതിയിലാണ് നിർമ്മിക്കേണ്ടത്. അതായത് ആവശ്യമായതിനേക്കാൾ ഇരട്ടിയിലധികം വീതിയിലാണ് ഭിത്തി നിർമ്മിച്ചിട്ടുള്ളത്.

3. എസ്റ്റിമേറ്റ് പ്രകാരം ഇടക്കുള്ള 2 RCC Belt- ഒഴിവാക്കിയിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങളങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 28-ലുള്ള മറുപടി താഴെ കൊടുക്കുന്നു

1. എസ്റ്റിമേറ്റ് പ്രകാരമുള്ള DR-ന്റെ അളവ് 153. 39 M3 ആണ്. എം ബുക്ക് പ്രകാരമുള്ള DR-ന്റെ അളവ് 179.295 M3 ആണ്. ആയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതില്ല.

2. DR - ന്റെ Proposed Height 3.5 മീറ്ററാണ്. ആയതിലാണ് Basement Width 1.75 M കുറഞ്ഞത് ആവശ്യമാണ്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിലെ NREGS-യിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി (No. 1/EE/LSGD/2021) വാങ്ങിയിട്ടുള്ളതാണ്.

3. DR Height 3.5 മീറ്ററിന് സൈറ്റിന്റെ ഘടന പ്രകാരം ഒരു Belt മതിയാകും

മറുപടി പൂർണ്ണമായി തൃപ്തികരമല്ല. എസ്റ്റിമേറ്റ് പ്രകാരം 26.85 M നീളത്തിൽ 3.5 മീറ്റർ ഉയരത്തിൽ ചെയ്യേണ്ട ഭിത്തി ഒരു അനുമതിയും വാങ്ങാതെ കരാറുക്കാരൻ തനിയെ 53.88 M നീളത്തിൽ 1.75 മീറ്റർ ഉയരത്തിൽ പണിതതും ഇതിന്റെ ആവശ്യകതയും അന്വേഷിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിലെ NREGS-യിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി (No. 1/EE/LSGD/2021) വാങ്ങിയ പ്രവൃത്തിയുടെ കുറച്ച് ഭാഗം പ്ലാൻ ഫണ്ട് ഉപയോഗിച്ച് പണിതതും അന്വേഷിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ - ഒരേ പ്രവൃത്തി ആവർത്തിച്ച് ചെയ്തത്

തൻ വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ആകെ 3,02,99,085/- രൂപയുടെ മരാമത്ത് പ്രവത്തികൾ ചെയ്തിട്ടുണ്ട്. ഇതിൽ 90% പ്രവൃത്തിയും റോഡിൽ കട്ട വിരിക്കുന്ന പ്രവൃത്തിയാണ്. അതുപോലെ NREGS ചെയ്ത പ്രവൃത്തികളിലും ധാരാളം റോഡിൽ കട്ട വിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു. തനത് വർഷം NREGS മുഖേന 10 റോഡുകൾ ടൈൽ ചെയ്തിട്ടുണ്ട്. ഒരേ റോഡിലെ ഒരേ പ്രവൃത്തി തന്നെ അസ്സി. എൻജിനിയർ മുഖേനയും NREGS മുഖേനയും ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അസ്സി. എൻജിനിയർ നടപ്പിലാക്കിയ പ്രൊജക്ട്

1.

| | |
|---|---|
| പ്രൊജക്ട് | 114/22 |
| പ്രവൃത്തി | മുടിക്കൽ വല്ലം കടവ് റോഡ് |
| എം ബുക്ക് | 345/21-22 |
| കരാറുകാരൻ | ഷാജഹാൻ എ എസ്. |
| എസ്റ്റിമേറ്റ | 5,49,500/- |
| ആകെ പ്രവൃത്തി | 4,60,279/- Bill No. 405/17-3-22 |
| DSR/ Cost Index | 2016/ 39.89% |

ഈ പ്രവൃത്തിയിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടുള്ളത് വഞ്ചിനാട് ജംഗ്ഷൻ മുതൽ 153 മീറ്റർ മുതൽ 270 മീറ്റർ വരെയുള്ള 117 മീറ്റർ റോഡാണ് കട്ട വിരിക്കുന്നത്.

ഈ റോഡിലെ ഈ ചെയ്നേജ് NREGS മുഖേന ചെയ്ത പ്രവൃത്തിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 160മീറ്റർ മുതൽ 270മീറ്റർ വരെയാണ്. അതായത് രണ്ട് പ്രവൃത്തിയിലും ഒരേ ചെയിനേജാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| പ്രവൃത്തി | മുടിക്കൽ വല്ലം കടവ് റോഡ് |
| എം ബുക്ക് | 110/21-22 |
| Work Code | 1608013005/RC/3579977 |
| എസ്റ്റിമേറ്റ് | 4,95,000/- |
| ആകെ പ്രവൃത്തി | 4,21,457/- Bill No. 405/17-3-22 |

ഒരേ പ്രവൃത്തികൾ വീണ്ടും ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഇതിനുള്ള ഓഡിറ്റ് എൻക്വയറി നം. 33-നുള്ള മറുപടിയിൽ NREGS എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ള ചെയിനേജ് ക്ലെറിക്കൽ തെറ്റാണ് എന്നും NREGS ചെയ്ത റോഡിലെ ശരിയായ ചെയിനേജ് 0 മുതൽ 110 വരെയാണ് എന്നുമാണ്. ഫയലിൽ രേഖപ്പെടുത്തിയ ചെയിനേജ് പ്രകാരം പ്രവൃത്തി ചെയ്യുകയും അത് പ്രകാരം എം.ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തതിനു ശേഷം ക്ലെറിക്കൽ തെറ്റ് കാരണം ചെയിനേജ് മാറിപ്പോയി എന്ന ലാഘവത്തോടെയുള്ള മറുപടി തൃപ്തികരമല്ല. അന്വേഷിച്ച് വ്യക്തമായ മറുപടി നൽകേണ്ടതാണ്.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിട നിർമ്മാണം-ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല - 1554 രൂപ നഷ്ടം

ബിൽഡിംഗ് പെർമിറ്റ് നമ്പർ B3-BA(131373)/2021 Dtd:25.06.2021 പ്രകാരം ശ്രീ മുസ്തഫ ടി.എ., തോപ്പിൽ, മാറമ്പിള്ളി എന്ന വ്യക്തിയുടെ പേരിൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയിട്ടുണ്ട് (സർവ്വേ നം.S-158 R-4 , മാറമ്പിള്ളി വില്ലേജ് , പ്ലോട്ട് ഏരിയ- 1801 ച.മീ). പ്ലാൻ പ്രകാരം ടി പ്ലോട്ടിൽ 255 ച.മീ. ഉള്ള വാസഗൃഹം നിലവിലുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (Existing Building-കെട്ടിട നമ്പർ 1/677). എന്നാൽ സഞ്ചയ പ്രകാരം ടിയാന്റെ ഉടമസ്ഥയിലുള്ള ടി വാസഗൃഹത്തിന്റെ ആകെ വിസ്തീർണ്ണം 144 ച.മീ മാത്രമാണ്. ഇത് പ്രകാരം ആകെ 111 ച.മീ. (255-144) അധികം പണിതിട്ടുള്ളതായി കാണുന്നു. എന്നാൽ ആയത് പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി ഈടാക്കി റെഗുലറൈസ് ചെയ്യുകയോ സഞ്ചയയിൽ നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ഇതുമൂലം വസ്തു നികുതിയിനത്തിലും നഷ്ടമുണ്ടാകുന്നു.

New Construction ആയി പെർമിറ്റ് നേടിയിട്ടുള്ള Special Residential (A2)-535.24ച.മീ, Commercial(F)-291.60ച.മീ (ആകെ 826.84ച.മീ) എന്ന കെട്ടിടത്തിന് പെർമിറ്റ് ഫീ (826.84 X 10) ആയി 8,268/- രൂപ രസീത് നം.121016106781/25.06.2021 പ്രകാരം ഒടുക്കിയിട്ടുണ്ട്. അധികമായി പണിത ഭാഗത്തിനുള്ള പെർമിറ്റ് ഫീ 111 X14 = 1,554/- രൂപ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതും സഞ്ചയയിൽ വസ്തു നികുതി പുനർ നിർണ്ണയം നടത്തി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.31/30.08.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് പരിചരണപദ്ധതി - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. വാഴക്കുളം നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 104/2021-22 |
| പ്രൊജക്ടിന്റെ പേര് | പെയിൻ & പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. വാഴക്കുളം |
| അടങ്കൽ | ₹6,00,000/- (വികസന ഫണ്ട്- സാധാരണ വിഹിതം ) |
| ചെലവ് | ₹ 5,55,031/- |
| ബിൽനം/തീയതി / ചെലവ് തുക | 59/2021-22 തീയതി 16.07.2021 തുക 57,405/-<br>97/2021-22 തീയതി 07.09.2021 തുക 79,621/-<br>99/2021-22 തീയതി 09.09.2021 തുക 35,190/-<br>225/2021-22 തീയതി 10.01.2022 തുക 2,34,906/-<br>254/2021-22 തീയതി 27.01.2022 തുക 79,870/-<br>291/2021-22 തീയതി 08.02.2022 തുക 31,540/<br>460/2021-22 തീയതി 25.03.2022 തുക 36,499/- |

ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ചു- 2,281/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഡിജിറ്റൽ ബി.പി. അപ്പാരറ്റസ്, ചാർജർ എന്നിവ വാങ്ങിയതിന് 97/2021-22 തീയതി 07.09.2021, 254/2021-22 തീയതി 27.01.2022 എന്നീ നമ്പർ ബില്ലുകൾ മുഖേന 2,281/- വീതം ആകെ 4,562/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബില്ലുകൾ പരിശോധിച്ചതിൽ മെഡികിംഗ് ഹോസ്പിറ്റൽ പ്രൊഡക്ട്സ്, എടത്തല (പി.ഒ.) എന്ന സ്ഥാപനത്തിന്റെ 30.08.2021 ലെ ഇൻവോയ്സ് നമ്പർ 70 പ്രകാരമാണ് രണ്ട് തവണയും തുക പിൻവലിച്ചിട്ടുള്ളത്. ഒരേ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ രണ്ട് തവണ തുക പിൻവലിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 29.08.2022 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ക്ലറിക്കൽ പിഴവ് മൂലം സംഭവിച്ചതാണെന്നും തുക എച്ച് എം സി അക്കൗണ്ടിൽ ക്രെഡിറ്റായത് തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു. അധികം പിൻവലിച്ച 2,281/- രൂപ തിരികെ ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 67,524/- | ലൈഫ് ഭവന നിർമ്മാണം( 7/19) | 0 | 67,524/- |
| | 2021-22 | 13,83,600/- | ലൈഫ് ഭവന നിർമ്മാണം (ജനറൽ)( 102/22) | 8,63,209/- | 5,20,391/- |
| | 2021-22 | 1,00,000/- | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ)( 96/22) | 1,00,000/- | |
| | 2021-22 | 3,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (9/22) | 3,00,000/- | |
| | 2021-22 | 1,07,644/- | നെൽകൃഷി വികസനം (11/22) | 1,07,644/- | |
| | 2021-22 | 1,88,000/- | ലൈഫ് എസ് സി (95/22) | 1,88,000/- | |
| | | 21,46,768/- | ആകെ | 15,58,853/- | 5,87,915/- |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,60,000/- | ലൈഫ് ഭവനനിർമ്മാണം (എസ് സി)( 95/22) | 3,60,000/- | |
| | 2021-22 | 1,00,000/- | ലൈഫ് ഭവന നിർമ്മാണം(എസ് ടി)(101/22) | 1,00,000/- | |
| | 2021-22 | 19,00,000/- | ഭവനരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ)( 96/22) | 19,00,000/- | |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| | 2021-22 | 5,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ( 9/22) | 5,00,000/- | |
| | ആകെ | 28,60,000/- | | 28,60,000/- | |

.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-13 SO255/22 | 22100440/ 24.08.22 | 49500 | 49500 | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ – വാർഡ്-19 SO256/22 | 22100441/ 24.08.22 | 48144 | 48144 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് SO257/22 | 22100442/ 24.08.22 | 23467 | 23467 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിംഗ് 58/22 | 22101274/ 30.03.22 | 198268 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ – വാർഡ്-18 S173/22 | 22101399/ 31.03.22 | 38114 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | 22101400/ 31.03.22 | 10738 | | |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് & ഫെയ്സ് ചെയ്ഞ്ചിംഗ് (വാർഡ് 18) പ്രോജക്ട് 177/22 | 22101401/ 31.03.22 | 15795 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | 22101402/ 31.03.22 | 84000 | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിവിധ വാർഡുകൾ – 325/22 | 22101405/ 31.03.22 | 805020 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | ആകെ | 1273046 | | |
| കേരളാ വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – 326/22 | 22101508/ 16.02.2022 | 192000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | 22101564/ 22.03.2022 | 3642930 | | |
| | | 22101302/ 31.03.2022 | 7070 | | |
| കേരളാ വാട്ടർ അതോറിട്ടി | എസ് സി കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 126/22 | 22101218/ 05.03.2022 | 160000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കേരളാ വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 342/22 | 22101406/ 31.03.2022 | 2207500 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| | | ആകെ | 6209500 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ-വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പാ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC ഭവന വായ്പ – ലൈഫ് | സർക്കാർ കത്ത് 63430/ ഡി ബി/13/ ത സ്വ ഭ വ തി 25.10.2013 | 0 | 1892131 | 998324 | 164620 | 893807 |
| HUDCO ഭവന വായ്പ – ലൈഫ് | | 3840000 | 6462734 | 1701333 | 0 | 8601401 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,60,527 |
| തൻവർഷം നിക്ഷേപിച്ച തുക | 3,47,534 |
| ആകെ | 59,08,061 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 59,08,061 |

വാർഷിക ധനകാര്യപത്രികയിൽ 59,28,061/- എന്ന് തെറ്റായി ചേർത്തിട്ടുള്ളത് ക്രമീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,308/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുക Prior Period Income എന്ന ഹെഡ്ഡിലാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1999-2000 | 4-1 | 668 | സാവുദീൻ | 121010102846/25.09.2021 |
| - | ഓഡിറ്റ് എൻക്വയറി നമ്പർ 9/30.09.21 | 2,500 | കെ കെ നിഷാദ് | 121010107330/04.03.2022 |
| 2000-2001 | 26(ബി) | 140 | കെ എ മുജീബ് | 121010105413/16.12.2021 |
| | | 3,308 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം- ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പി.എച്ച്.സി.,വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകരണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമസഭാ സമിതി തെളിവെടുപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ നിലവിൽ ഇല്ല. |

## 4-9 ചാർജ് സർച്ചാർജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 12,86,47,983.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 12,57,85,000.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,554.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,281.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90,71,898.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 1,554/- | | ശ്രീമതി.സെറീന.പി.എ., സെക്രട്ടറി |
| 3-1 | | 2,281/- | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി. |
| ആകെ തുക | 1,554/- | 2,281/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,22,650/- | ശ്രീമതി.കെ.എ.സൽമ, എച്ച്.എം,സൌത്ത് വാഴക്കുളം എൽ.പി.സ്കൂൾ |
| 1-19 | 2,95,934/- | ശ്രീമതി. സെറീന പി എ, സെക്രട്ടറി |
| 1-20 | 1,11,758/- | ശ്രീ. രമേശ് കെ എൻ, സെക്രട്ടറി |
| | 73,73,935/- | ശ്രീമതി. സെറീന പി എ, സെക്രട്ടറി |
| 1-20-1 | 1,40,000/- | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-21 | 7,27,621/- | ഡോ. അജയ് ബാബു, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-28 | 3,00,000/- | ഡോ. ശ്രീലേഖ ടി., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 90,71,898/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അജയ് ബാബു,<br>മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി, പൂത്തോട്ട, എറണാകുളം | കളപ്പുരയ്ക്കൽ ഹൗസ്,<br>കൊങ്ങോർപ്പിള്ളി, കൂനമ്മാവ് |
| ശ്രീ. രമേശ് കെ എൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | കൊട്ടിയംപുറത്ത് ഹൗസ്,<br>ഇരിങ്ങോൾ (പി.ഒ.), പെരുമ്പാവൂർ |
| ശ്രീമതി. സെറീന പി എ,<br>സെക്രട്ടറി | സെക്രട്ടറി,<br>വാഴക്കുളം ഗ്രാമപഞ്ചായത്ത് | പഴേരിയിൽ ഹൗസ്,<br>കുമ്പംകല്ല്, തൊടുപുഴ |
| ശ്രീമതി.കെ.എ.സൽമ, ഹെഡ്മിസ്ട്രസ്,<br>സൌത്ത് വാഴക്കുളം എൽ.പി.സ്കൂൾ | ഹെഡ്മിസ്ട്രസ്,<br>സൌത്ത് വാഴക്കുളം എൽ.പി.സ്കൂൾ | ഉള്ളാട്ടുകുടി, വെങ്ങോല(പി.ഒ.)<br>അറക്കപ്പടി |
| ഡോ. ശ്രീലേഖ ടി., മെഡിക്കൽ ഓഫീസർ<br>ഹോമിയോ ഡിസ്പെൻസറി | മെഡിക്കൽ ഓഫീസർ<br>ഹോമിയോ ഡിസ്പെൻസറി,<br>വാഴക്കുളം | ചന്ദ്രകാന്തം ഹൗസ്, പൂവമ്പിള്ളി റോഡ്<br>എളമക്കര |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ.04.04.2016 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(ii)/18/ 25.05.19 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.2016 |
| 2000-01 | |
| 2001-02(പ്ലാൻ) | |
| 2001-02 (നോൺ പ്ലാൻ) | എൽ.എഫ്.ഇ.(പി5)1545808 തീയതി 09.01.09 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീയതി 04.04.16 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(iv)/18 തീ.25.05.19 |
| 2004-05 | |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.16 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ.(പി5)1296/09/16.03.10 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(v)/18 തീ.25.05.19 |

| | |
|---|---|
| 2009-10,10-11 | എൽ.എഫ്.ഇ.(പി5)5/13 തീ. 01.03.13 |
| 2011-12 | എൽ.എഫ്.ഇ.(പി5)214/14 തീ. 05.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി5)11/15 തീ. 12.04.16 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.(പി5)924/16 തീ.31.05.17 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി5)1733/16 തീ.04.02.17 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി5)654/17 തീ.06.01.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി5)1594/17 തീ.19.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി5)2163/18 തീ.04.12.18/ 05.07.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി5)1684/2019 തീ. 2.11.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1375/21 തീ. 10.11.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1376/21 തീ. 10.01.2022 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്